പത്രാധിപർ എം. എ. ജോൺ

# നിർണ്ണയം


പുസ്തകം 1
ലക്കം 3

എറണാകുളം 1970 ഫെബ്രുവരി 15 ഞായർ

വില 35 സ.


## ✱ ഈ ലക്കത്തിൽ ✱


✱ കുറിപ്പുകൾ
യു. പി. യിലെ കച്ചവടം
പാർലമെൻറും സുപ്രീംകോടതിയും

✱ കാഴ്ചപ്പാടുകൾ
പൊതുമേഖലയുടെ തലവന്മാർ

✱ ലേഖനങ്ങൾ
ഭൂപരിഷ്ക്കരണങ്ങൾ കഴിഞ്ഞതും വരേണ്ടതും
കോൺഗ്രസ്സ് വലതിൻെറ വാലാകരുതു്.

✱ കല
"യു ഒൺലി ലിവ് ട്വൈസ്"

✱ സാഹിത്യം
"ഇന്ത്യ"–ബുക്ക്‌റവ്യൂ

✱ എഴുതാപ്പുറം

✱ കത്തുകൾ


കുറിപ്പുകൾ

## യു. പി. യിലെ കച്ചവടം

ചരൺസിങ്ങ് ആരെച്ചതിക്കുമെന്നതനുസരിച്ച് ഉത്തർപ്രദേശിൽ അടുത്ത മന്ത്രിസഭ രൂപം കൊള്ളുവാൻ പോകുകയാണ്. യാദവവർഗ്ഗീയത ഇളക്കിവിട്ട് നിയമസഭയിൽ രണ്ടാം കക്ഷിയായ ചരൺസിങ്ങ് മന്ത്രിപദത്തിനു വിലപേശലിൽ റെക്കോഡ് സൃഷ്ടിച്ചിരിക്കുന്നു.

കോൺഗ്രസ്സിൽ ഭിന്നിപ്പുണ്ടായപ്പോൾ തന്നെ ചരൺസിങ്ങ് മുഖ്യമന്ത്രിപദം നേടാൻ പരിപാടിയിട്ടിരുന്നു. മുഖ്യമന്ത്രിപദം എന്നും ചരൺസിങ്ങിൻെറ സ്വപ്നമായിരുന്നിട്ടുണ്ട്. ഭാരതീയ ക്രാന്തിദളം രൂപവൽക്കരിച്ചതും മററും വെറും മൂടുപടം മാത്രമാണ്. ഉത്തർപ്രദേശിലെ കോൺഗ്രസ്സുകാരിൽ ത്രിപാഠിയുടെ നേതൃത്വത്തിലുള്ളവർ ആദ്യം ചരൺസിങ്ങിനും കൂട്ടുകാർക്കും മന്ത്രിപദം വാഗ്ദാനം ചെയ്തിരുന്നു. പക്ഷെ ചരൺസിങ്ങിനു മുഖ്യമന്ത്രിപദം തന്നെ കിട്ടുമോ എന്നു ആശങ്കയുണ്ടായി.

ഈ സന്ദർഭത്തിൽ ആണ് സിൻഡിക്കേററുകാർ മുഖ്യമന്ത്രിപദം അർത്ഥശങ്കക്കിടകൊടുക്കാതെ ചരൺസിങ്ങിനു വാഗ്ദാനം ചെയ്തതു്. അദ്ദേഹം അതോടെ സിൻഡിക്കേററ് – ജനസംഘം–എസ്സ്. എസ്സ്. പി. കൂട്ടുകെട്ടിൽ ചേരാൻ തയ്യാറായി. മുഖ്യമന്ത്രി ചന്ദ്രഭാനുഗുപ്ത തന്ത്രപൂർവ്വം രാജിവെക്കുകയും ചെയ്തു.

ഇപ്പോൾ വീണ്ടും കോൺഗ്രസ്സുകാരും ത്രിപാഠിയും ചരൺസിങ്ങിനെ തന്നെ മുഖ്യമന്ത്രിയാക്കാമെന്നു ഉറപ്പു നൽകിയിരിക്കയാണ്. ചരൺസിങ്ങ് കാലുമാറി കോൺഗ്രസ്സിൻെറ കൂടെ കൂടുകയും ചെയ്തു. ഏററവും അവസാനം ചരൺസിങ്ങ് ചതിച്ചിരിക്കുന്നതു് സിൻഡിക്കേററിനേയും ജനസംഘത്തേയും എസ്സ്. എസ്സ്. പി. യേയുമാണ്.

ചരൺസിങ്ങിനും കൂട്ടർക്കും ഇന്നു സംസ്ഥാനത്തിനകത്തും പുറത്തും നല്ല വിലകിട്ടുന്ന കാലമാണ്. കാരണം സംസ്ഥാനത്തിലും കേന്ദ്രത്തിലും ന്യൂനപക്ഷം വിചാരിച്ചാൽ ഭരണം നിയന്ത്രിക്കാമെന്ന നിലയിൽ എത്തിയിരിക്കുന്നു. ചരൺസിങ്ങിൻെറ കക്ഷിക്കാർക്കു് പാർലിമെൻറിലും കുറെ അംഗങ്ങളുണ്ടല്ലോ. പ്രധാനമന്ത്രിക്കു അടുത്ത ബജററ് സമ്മേളനക്കാലത്തു് ചരൺസിങ്ങിൻെറ പിന്തുണ കിട്ടണമെന്നാഗ്രഹം കാണും. അതുകൊണ്ടു് ചരൺസിങ്ങ് ആവശ്യപ്പെടുന്നതെല്ലാം കൊടുക്കണമെന്നു അവർ ത്രിപാഠിയോടു് നിർദ്ദേശിച്ചിട്ടുണ്ടാകണം. അതിനും പുറമേ പാർലിമെൻറിലേക്കു് ഇടക്കാല തിരഞ്ഞെടുപ്പ് ഇന്ത്യയൊട്ടാകെ നടത്തേണ്ടി വന്നാലും, ആ അവസരത്തിൽ ഉത്തർപ്രദേശിൽ, തൻെറ നിയന്ത്രണത്തിലുള്ള ഭരണകൂടമുണ്ടായിരിക്കണമെന്നു പ്രധാനമന്ത്രിക്കു് താല്പര്യമുണ്ടായിരിക്കുകയും ചെയ്യും.

ഏതായാലും ജനാധിപത്യത്തെത്തന്നെ പരിഹാസ്യമാക്കിക്കൊണ്ടു്, കാലുമാററക്കളിനടത്തുന്ന ന്യൂനപക്ഷക്കാർ ഭൂരിപക്ഷത്തെ ഭരിക്കാൻ തുടങ്ങിയിട്ടുണ്ട്. കേരളത്തിൽ ആണ് ആദ്യം ഇതു് തുടങ്ങിയതു്. പട്ടംതാണുപിള്ളയുടെ നേതൃത്വത്തിൽ സോഷ്യലിസ്റ്റുകാർ പലതവണ കാലുമാറി സ്ഥാനമാനങ്ങൾ പിടിച്ചുപററി. പിന്നീടു് മുസ്ലീംലീഗ്കാർ ഇതേ അടവ് നന്നായി പയററി. ഇന്നും പയററിക്കൊണ്ടിരിക്കുന്നു. 1967ലെ പൊതുതെരഞ്ഞെടുപ്പിനുശേഷം മററു സ്ഥാനങ്ങളിലേക്കും ഇതു് വ്യാപിച്ചുവെന്നേയുള്ളു. ഇന്നു പല സംസ്ഥാനങ്ങളും ഭരിക്കുന്നതു് സ്വയം ലേലത്തിനിടുന്ന ചില എം. എൽ. എ. മാരാണ്. അവസാനമായി ഉത്തർപ്രദേശിൽ ചരൺസിങ്ങ് വെച്ച വിലയ്ക്കു കോൺഗ്രസ്സ് അയാളെ വാങ്ങിയിരിക്കുകയാണ്.

ഏററവും ദുഃഖകരമായ കാര്യം ഇന്ത്യയിലെ ഏററവും പിന്നോക്കപ്രദേശമായ ഉത്തർ പ്രദേശിൽ ജനങ്ങളുടെ പേരിലല്ലാ ഇതെല്ലാം നടക്കുന്നതെന്നാണ്. ഉത്തർപ്രദേശ് ഇന്ത്യയിലെ ഏററവും വലിയ സംസ്ഥാനമാണ്. യു.പി. ഏററവും കൂടുതൽ എം.പിമാരെ പാർലമെൻറിലേക്കയക്കുന്നു. യു. പി. യിലെ സംഭവ വികാസങ്ങൾ ഇന്ത്യയെ തന്നെ സാരമായി ബാധിച്ചേക്കും. ആദർശ ശൂന്യമായ കാലുമാററങ്ങൾ നാളെ കേന്ദ്രത്തിലും വലിയ തോതിൽ ഉണ്ടാകാനിടയുള്ളതാണ്. അടുത്ത് നടക്കുമെന്നു സംശയിക്കപ്പെടുന്ന ഇടക്കാല തെരഞ്ഞെടുപ്പോ 1972ൽ ഉണ്ടാകാൻ പോകുന്ന തെരഞ്ഞെടുപ്പോ കാലുമാററങ്ങൾക്കും അനിശ്ചിതത്വത്തിനും പരിഹാരമാകുമെന്നു കരുതുക വയ്യ.

ഇന്ന് അധികാരത്തിനു വേണ്ടിയാണ് നേതാക്കൾ കാലുമാറുന്നതെങ്കിൽ നാളെ പണവും അധികാരവും ഒന്നിക്കുന്നവർക്ക് എളുപ്പം കാലു മാററക്കാരെ വലയിലാക്കാൻ കഴിയും. ബീഹാറിൽ മന്ത്രിസഭ രൂപവൽക്കരിക്കുന്നതിനു ഇതേവരെ സാധിച്ചിട്ടില്ലെങ്കിൽ അതിനു കാരണം ഭ്രൂരിപക്ഷം ഉറപ്പിക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. മദ്ധ്യപ്രദേശിലും രാജസ്ഥാനിലും ഹരിയാനയിലും സിൻഡിക്കേററ് അവരുടെ അടവുകൾ പയററിക്കൊണ്ടിരിക്കയാണ്. ഇന്നലെവരെ ചലനമററ യാഥാസ്ഥിതികത്വമായിരുന്നു ഇന്ത്യയിൽ നിലവിലിരുന്നതെങ്കിൽ ഇന്നുമുതൽ അനിശ്ചിതത്വത്തിൻെറ അന്തരീക്ഷമായിരിക്കും. വ്യക്തമായ സോഷ്യലിസ്റ്റ് ലക്ഷ്യത്തിലേക്കു് രാജ്യത്തെ നയിക്കണമെന്നുള്ളവർ ഒന്നിക്കാൻ തയ്യാറാണോ എന്ന ചോദ്യം തന്നെയാണ് ഉത്തർപ്രദേശ് ഉയർത്തുന്നതു്

---

(4-ാം പേജിലെ തുടർച്ച)

ത്തെപ്പററിയുള്ള പ്രധാനമന്ത്രിയുടെ ആശയങ്ങൾ, സാമ്പത്തിക രംഗത്തിൽ വിപ്ലവാത്മകമായ പരിവർത്തനങ്ങളിൽനിന്നു ഒഴിഞ്ഞു മാറുവാൻ ഇനിമേലിൽ ഇന്ത്യക്കു സാധിക്കുകയില്ലെന്നുള്ള യാഥാർത്ഥ്യത്തിലേക്കാണു വിരൽ ചൂണ്ടുന്നതു്. സോഷ്യലിസം ലക്ഷ്യമായി അംഗീകരിച്ച ഒരു രാജ്യത്തിലെ സമ്പദ് വ്യവസ്ഥയിൽ ഉല്പാദന വിതരണ പ്രക്രിയയുടെ മർമ്മ സ്ഥാനങ്ങളെല്ലാം പൊതുവുടമയിലും നിയന്ത്രണത്തിലും വരാതെ നിവൃത്തിയില്ല. ബാങ്ക് ദേശസാൽക്കരണം ഇതിൻെറ ആദ്യപടി മാത്രമേ ആകുന്നുള്ളു.

കേട്ടില്ലേ? ആദ്യപടിമാത്രമേ ആകുന്നുള്ളുവെന്നു. അതായതു് ഇനിയും എന്തെല്ലാം ദേശസാൽക്കരിക്കേണ്ടതായിട്ടുണ്ടെന്ന്. പക്ഷെ 1970 ഫെബ്രുവരി 11-നു ബുധനാഴ്ചയിലെ 'മാതൃഭൂമി'യുടെ മുഖപ്രസംഗം മറെറാന്നാണ്. ''ബാങ്ക് ദേശസാൽക്കരണം ഇന്ത്യാഗവർമ്മെണ്ടിൻെറ വലിയൊരു നേട്ടമായി ഘോഷിക്കാറുണ്ടു്. അതുകൊണ്ടു്, മുമ്പു് ബാങ്കുകൾ സാമൂഹ്യനിയന്ത്രണത്തിൽ കൊണ്ടുവന്ന കാലംത്തെ അപേക്ഷിച്ച് വല്ല മെച്ചവുമുണ്ടായതായോ ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നതായോ വിവരമുള്ള ആർക്കും തോന്നിയിട്ടില്ല.''

'മാതൃഭൂമി' തന്നെ ദേശസാൽക്കരണത്തിൻെറ നേട്ടങ്ങൾ ഘോഷിക്കുന്നു, ഒരു മെച്ചമുണ്ടാകുമെന്നു വിവരമുള്ളവർക്കു തോന്നിയിട്ടില്ലെന്നു പറയുകയും ചെയ്യുന്നു. ആർക്കാണ് വിവരമില്ലാത്തതെന്നു ഇപ്പോൾ മനസ്സിലായില്ലേ?

*　　*　　*　　*

'സൌഹൃദത്തിൻെറ സന്ദേശവുമായാണ് ബാദ്ഷാഖാൻ വന്നതെന്നു ഭംഗിവാക്കു പറഞ്ഞാണ് ഫെബ്രുവരി 10 നു 'മാതൃഭൂമി' അദ്ദേഹത്തെ യാത്രയാക്കിയതു്. ഏതാനും ദിവസം മുമ്പു് എഴുതിയതു് മറെറാന്നാണ്. ബാദ്ഷാഖാൻെറ പ്രസംഗങ്ങൾ അദ്ദേഹത്തെ ക്ഷണിച്ച് വരുത്തിയവർക്കു വേദനയുണ്ടാക്കുന്നുവെന്നാണ്. എന്നാലും യാത്ര പോകുമ്പോഴും മരിക്കുമ്പോഴും നല്ല വാക്കു തന്നെ പറയണമെന്നാണല്ലോ കപടനാട്യക്കാരുടെ മര്യാദ. നെററിയിൽ 'സത്യം, സമത്വം, സ്വാതന്ത്ര്യം' എന്നെഴുതി വെക്കുന്നതിൽ കവിഞ്ഞ സത്യമൊന്നും 'മര്യാദകൾക്കു പിന്നിൽ കാണുകയില്ല.

---

(15-ാം പേജിലെ തുടർച്ച)

കയ്യടക്കാൻ ഇന്ത്യയിലെ വലത പക്ഷ പിന്തിരിപ്പന്മാരായ സ്വതന്ത്രാ ജനസംഘം സിൻഡിക്കേററ് കൂട്ടുകെട്ട് തയ്യാറെടുത്തു കഴിഞ്ഞു.

മറുവശത്ത് സോഷ്യലിസ്റ്റു ശക്തികൾ മൂക്കിനപ്പുറം കാണാതെ തമ്മിൽ തല്ലുകയാണ്. ഇനു ഐക്യം സാധിച്ചില്ലെങ്കിൽ എന്നെന്നേക്കുമായി നശിക്കുകയായിരിക്കും ഫലം. സോഷ്യലിസ്റ്റ് ശക്തികൾക്കു പ്രബലമായ സ്വാധീനമുണ്ടെന്നു പറയാവുന്ന രണ്ടു് സംസ്ഥാനങ്ങളാണ് കേരളവും ബംഗാളും. ഈ രണ്ട് സംസ്ഥാനങ്ങളിലും സോഷ്യലിസ്റ്റ് ചേരിയിലെ പ്രബലശക്തി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുകാരാണ്. പക്ഷെ അവർ ഇന്ത്യയിലെ മറെറാരുസംസ്ഥാനത്തും ഗണ്യമായ ശക്തിയേയല്ല. മററു സംസ്ഥാനങ്ങളിൽ സോഷ്യലിസ്റ്റ് ശക്തിയായി നാളത്തെ വലതുപക്ഷ-സൈനിക-വർഗ്ഗീയ കൂട്ടുകെട്ടുകളെ ചെറുക്കേണ്ടവരാണ് കോൺഗ്രസ്സുകാർ. സോഷ്യലിസത്തിനും ജനാധിപത്യാവകാശങ്ങൾക്കും വേണ്ടി നാളെ അഖിലേന്ത്യാടിസ്ഥാനത്തിൽ നടക്കുവാൻ പോകുന്ന സമരത്തിൽ ഒന്നിച്ചു പങ്കാളികളാവേണ്ടവരാണ മാർക്സിസ്റ്റുകാരും സോഷ്യലിസ്റ്റുകാരായ കോൺഗ്രസ്സുകാരും. സോഷ്യലിസ്റ്റ് ചേരിയിലെ പ്രബലരായ ഈ രണ്ട് വിഭാഗങ്ങൾ ഒന്നിക്കുമ്പോൾ സോഷ്യലിസ്റ്റുകാരെന്ന് അവകാശപ്പെട്ടുകൊണ്ട് ഭിന്നിച്ചുനില്ക്കുന്ന കൊച്ചുകൊച്ചു കക്ഷികളും അവരോടൊന്നിക്കാതെ നിർവ്വാഹമില്ലാതെ വരും.

സമയമൊട്ടും കളയാനില്ല. ഇതാണ് സന്ദർഭം. ഇന്നലെവരെ പഠിച്ചുവെച്ചതും പ്രചരിപ്പിച്ചതും കുറെയൊക്കെ മറക്കേണ്ട സന്ദർഭമാണിതു് കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരെ കോൺഗ്രസ്സിലെ സോഷ്യലിസ്റ്റുകാർക്കുണ്ടായിരുന്ന പ്രധാനയാരോപണവും ഇന്നു ഉന്നയിക്കാനാവില്ല. വിദേശ ചരടുവലികൾക്കൊത്തു തുള്ളിയിരുന്ന കമ്മ്യൂണിസ്റ്റുകാരെ-മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് കാരെയെങ്കിലും-അനുഭവം സ്വന്തമായി ചിന്തിക്കാനും പ്രവർത്തിക്കുവാനും പഠിപ്പിച്ചിരിക്കുന്നു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ത്യയിൽ വിദേശസ്വാധീനത്തിൽ പ്രവർത്തിക്കുന്ന പാർട്ടിയല്ല. വിദേശ രാഷ്ട്രങ്ങൾക്ക് ആജ്ഞാനുവർത്തികളാണ് സോഷ്യലിസത്തേക്കാൾ കൂടുതൽ ആവശ്യമെന്നു അനുഭവം അവരെ പഠിപ്പിച്ചു കഴിഞ്ഞു. ഇന്നും അത് പഠിക്കാൻ കൂട്ടാക്കാത്തവരുണ്ടെങ്കിൽ അവരിൽ മുമ്പന്മാർ വലത് കമ്മ്യൂണിസ്റ്റുകാരാണ് കോൺഗ്രസ്സുകാരും മാർക്സിസ്ററ് കമ്മ്യൂണിസ്ററുകാരും ഒന്നിക്കുമെങ്കിൽ അവരും വിദേശ സ്വാധീനവലയത്തിൽ നിന്നും വിമുക്തമായി ലക്ഷ്യബോധമുള്ള സോഷ്യലിസ്ററ് ചേരിയിൽ അണിനിരക്കാൻ നിർബന്ധിതരാവുകയേയുള്ളു.

അതുകൊണ്ട് ഈ കാലഘട്ടത്തിൻെറ ആവശ്യം സോഷ്യലിസ്റ്റ് ഐക്യമാണെന്നും ലക്ഷ്യത്തിനുവേണ്ടി വിട്ടുവീഴ്ചയില്ലാതെ സമരം ചെയ്യേണ്ടവർ ഒന്നിക്കുകയാണെന്നും കെ. പി. സി. സി അഡ്ഹോക്ക് കമ്മിററി മനസ്സിലാക്കണം. അവർ അതു മനസ്സിലാക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ സോഷ്യലിസ്റ്റ് കാരായ കോൺഗ്രസ്സുകാർ അവരെ അത് മനസ്സിലാക്കിക്കൊടുക്കണം. അങ്ങിനെ മനസ്സിലാക്കുമ്പോൾ കൊട്ടാരക്കരയിലെ ഉപതെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് സ്വന്തം സ്ഥാനാർത്ഥിയെ നിർത്തി മത്സരിക്കേണ്ടതിൻെറ ആവശ്യം അവർക്കു ബോദ്ധ്യപ്പെടും മാർക്സിസ്റ്റുകാരെ ഒററപ്പെടുത്തുകയെന്ന മുദ്രാവാക്യം അർത്ഥശൂന്യമാണ്, ഈ മുദ്രാവാക്യം ഇന്നു മുഴക്കുന്നതുകൊണ്ട് ഫലത്തിൽ കോൺഗ്രസ്സ് ആത്മഹത്യചെയ്യുകയോ വലതിൻെറ വാലാകുകയോ ആണ് സംഭവിക്കുന്നത്.

ജെയിംസ്ബോണ്ട് ചിത്രങ്ങൾ നിഷ്കളങ്ക വിനോദമാണെന്നു കരുതുന്നവരുണ്ട്. എന്നാൽ അത് തന്ത്രപൂർവ്വമായ പ്രചരണമാണെന്നു സൂക്ഷ്മദൃക്കുകൾക്കറിയാം. 'ഫ്രം റഷ്യാ വിത്ത് ലൌ' എന്ന ജെയിംസ്ബോണ്ട് ചിത്രത്തിന്റെ പേരു് ഒരു സുപ്രഭാതത്തിൽമാറി 'ഫ്രം 007വിത്ത് ലൌ,'' എന്നായതു് അതുകൊണ്ടാണ്.

റഷ്യ നടത്തുന്ന ചാരവൃത്തിയുടേയും റഷ്യൻ ചാരസംഘത്തിന്റെ നിഷ്ഠൂരതയുടേയും ബ്രിട്ടീഷ്അമേരിക്കൻ മേധാവിത്വത്തിന്റേയും പൊതിഞ്ഞു വെച്ച പ്രചരണമായിരുന്നു ''ഫ്രം റഷ്യാ വിത്ത് ലൌ' റഷ്യൻ ഗവർമ്മെണ്ട്, ഇന്ത്യാഗവർമ്മെണ്ടിന്റെയടുത്തു് സമ്മർദ്ദം ചെലുത്തി ചിത്രത്തിന്റെ പേരു മാററി. റഷ്യക്കാരോട് രൂപസാദൃശ്യമുള്ള 'വില്ലന്മാരെ' കാണിച്ചതു കൊണ്ട് മാത്രം പ്രചരണം പൂർത്തിയാകുകയില്ലെന്നു ഗവർമ്മെണ്ട് കരുതിയിട്ടുണ്ടാകണം.

ശീതയുദ്ധത്തിന്റെ ഗതിയിൽവരുന്ന മാററമനുസരിച്ച് ഇപ്പോൾ ജെയിംസ്ബോണ്ട്ചിത്രങ്ങളിലെ പ്രചരണം മുഴുവൻ ജനകീയചൈനക്കെതിരായാണ്. 'യൂ ഓൺലി ലിവ് ട്വൈസ്'' —('നിങ്ങൾ രണ്ടു് പ്രാവശ്യം മാത്രമേ ജീവിക്കൂ') എന്ന ചിത്രത്തിന്റേയും ധ്വനി അത് തന്നെ.

ബഹിരാകാശ സഞ്ചാര രംഗത്തേക്കു മത്സരം മാററിയിരിക്കുന്നതായാണു റഷ്യയും അമേരിക്കയും. രണ്ടും രാജ്യങ്ങളും പരസ്പരം മത്സരിച്ച് ഉപഗ്രഹങ്ങൾ അയക്കുന്നു. എന്നാൽ ബഹിരാകാശത്ത് വെച്ച് തന്നെ ഉപഗ്രഹങ്ങളേയും അതിനകത്തെ സഞ്ചാരികളേയും ആരോ വന്നു് വിഴുങ്ങുകയാണ്. എന്തിനു വേണ്ടി? റഷ്യ കരുതും തങ്ങളുടെ ഉപഗ്രഹം വിഴുങ്ങുന്നതു് അമേരിക്കയാണെന്നു്; അമേരിക്ക മറിച്ചുവിചാരിക്കും. ബഹിരാകാശനിയന്ത്രണം കയ്യടക്കാനുള്ള വിദ്യയാണെന്നു കരുതി ഇരുകൂട്ടരും യുദ്ധത്തിനൊരുങ്ങും. രണ്ടു മഹാശക്തികൾ തമ്മിൽ അങ്ങിനെ പൊരിഞ്ഞ യുദ്ധം നടത്തി നശിക്കുന്നതിനിടയിൽ മൂന്നാമതൊരു രാജ്യത്തിനു ലോകശക്തിയായി ഉയരാനും കഴിയും.

ഏതാണ് ഈ മൂന്നാമത്തെ ശക്തിയെന്നു വ്യക്തമായില്ലേ. ചാരവൃത്തിക്കും എതിർചാരവൃത്തിക്കും ക്രൂരതക്കും മറെറല്ലാററിനും തയ്യാറുള്ള ഒരന്താരാഷ്ട്ര സംഘടനയുടെ സഹായത്തോടെയാണ് മൂന്നാം ശക്തി 'ഉപഗ്രഹവിഴുങ്ങൽ' നടത്തുന്നതു്. പതിവുപോലെ ദിഗംബരകളായ സുന്ദരികൾക്കു നടുവിൽ, ഗോപമാർക്കിടയിലെ ശ്രീകൃഷ്ണനെപ്പോലെ കൂത്താടുന്ന ജെയിംസ്ബോണ്ട് ഗൂഢസംഘത്തെ കണ്ടെത്തി നശിപ്പിക്കാനായി നിയോഗിക്കപ്പെടുന്നു. ജപ്പാനിന്റെയടുത്ത് പഴയ അഗ്നിപർവ്വതത്തിനുള്ളിൽ ഗൂഢസംഘം ഒരുക്കിയിട്ടുള്ള റോക്കററ് വിക്ഷേപണ കേന്ദ്രം നമ്മുടെ മൃത്യുഞ്ജയനായ ജെയിംസ്ബോണ്ട് തകർത്തു തരിപ്പണമാക്കുന്നു.

ശീത യുദ്ധത്തിലെ എല്ലാ അടവുകളും ചിത്രത്തിന്റെ അന്തർധാരയിൽ കാണാം. ഏഷ്യൻ രാജ്യത്തെ ഏഷ്യൻ രാജ്യത്തിനെതിരായി ഇളക്കിവിടൽ, പാശ്ചാത്യ മേധാവിത്വത്തിന്റെ രക്ഷാധികാരി ചമയൽ ഇതൊക്കെ സെല്ലുലോയ്ഡിനു പിന്നിൽ പൂഴ്ത്തി വെച്ചിട്ടുണ്ട്, ജെയിംസ്ബോണ്ടിനെ സഹായിക്കുന്നത് ജപ്പാൻ ഗവർമ്മെണ്ടും അവരുടെ ചാരസംഘവുമാണ്. വില്ലനായ മൂന്നാം ശക്തിയെ സഹായിക്കുന്നത് ജാപ്പാനിലെ പ്രമുഖനായ ഒരു വ്യവസായിയും.

# യൂ ഓൺലി ലിവ് ട്വൈസ്

വളർന്നുവരുന്ന ജനകീയ ചൈനയുടെ ശക്തിയെക്കുറിച്ച് പാശ്ചാത്യ രാജ്യങ്ങൾക്കും അമേരിക്കക്കുമുള്ള ഭയം ഇത്തരം പ്രചരണ ചിത്രങ്ങളിൽനിന്നു മനസ്സിലാക്കാം. ഏഷ്യൻ ശക്തിയായ ചൈനക്കെതിരായി റഷ്യയും അമേരിക്കയും ഒന്നിച്ചു കൊണ്ടിരിക്കുകയാണെന്നും തെളിഞ്ഞു വരുന്നുണ്ട്

ഇരുരാജ്യങ്ങളിലേയും ഗവമ്മെണ്ടുകളുടെ ഉന്നതതലത്തിലുള്ളവർ നടത്തുന്ന കൂടിയാലോചനകളോടെയാണ് ചിത്രം ആരംഭിക്കുന്നതു്. ജെയിസ്ബോണ്ട് കൊല്ലപ്പെട്ടെന്നു പ്രചരിപ്പിച്ച ശേഷം തന്റെ വീരസാഹസങ്ങൾക്കായി ടോക്കിയോവിൽ വന്നെത്തുന്നു. അദ്ദേഹം മാറി മാറി പല പെണ്ണുങ്ങളുമായി ശയിക്കുന്നു. ദ്ദേഹം പ്ലാസ്റ്റിക്ക് സർജറി നടത്തി ജപ്പാൻകാരനാവുന്നു. ഗൊറില്ലായുദ്ധം അഭ്യസിക്കുന്നു. ഏകനായി വിമാനയുദ്ധം നടത്തുന്നു; അടിക്കുന്നു, പിടിക്കുന്നു; ജയിക്കുന്നു, തകർക്കുന്നു. ചുരുക്കത്തിൽ പടുകയും ആടുകയും ചെയ്യുന്നില്ലെന്നൊഴിച്ചാൽ പടിഞ്ഞാറൻ എം. ജി. ആർ. തന്നെയാണ് ജെയിംസ ബോണ്ട്.

വിക്രമാദിത്യൻ കഥകളിലെ മന്ത്രജാലത്തിനു പകരം ജെയിംസ്ബോണ്ട് കഥകൾ യന്ത്രജാലത്തെയാണ് ആശ്രയിക്കുന്നതു്. ബട്ടണമർത്തിയാൽ നീങ്ങിവരുന്ന കസേരകൾ; താനയടയുന്ന വാതിലുകൾ, വായുവിൽനിന്നു വായുവിലേക്കു പായുന്ന മിസൈലുകൾ ഘടിപ്പിച്ച ഹെലികോപ്ടർ; അങ്ങോട്ടും ഇങ്ങോട്ടും കണ്ടു് സംസാരിക്കാവുന്ന ടെലിഫോൺ, എന്നിങ്ങനെയുള്ള യന്ത്രജാലംമെല്ലാം ഈ ചിത്രത്തിലുമുണ്ട്. ഹെലികോപ്ടറിൽ പറന്നുവന്നു, വൈദ്യുത കാന്തം കൊണ്ട് കാർ പൊക്കിയെടുത്തു് കടലിൽ കൊണ്ടിടുന്നതും മററും പുരാണത്തിലെ അതികായന്മാർക്കു യന്ത്രരൂപം കൊടുത്തു് നടത്തിയ പുനപ്രതിഷ്ഠയാണെന്ന് കാണികൾ ഓർത്തെന്നുവരില്ല. 'പ്ലാസ്റ്റിക്ക് സർജറി', കൂടു വിട്ടു കൂടു മാറലിനു പകരം വെച്ചിരിക്കുന്നു.

ജെയിംസ്ബോണ്ട് ചിത്രങ്ങളിൽ എതിരാളികളെ കൊല്ലാൻ ഉപയോഗിക്കുന്ന തന്ത്രങ്ങളാണ് സഹിക്കാൻ വയ്യാത്തതു്, കെട്ടിടത്തിന്റെ നടുക്കു തിമിംഗലത്തെ വളർത്തുന്ന കുളം. കുളത്തിനുമീതെ പാലം. എതിരാളി പാലം കടക്കുമ്പോൾ ക്രൂരനായ മൊട്ടത്തലയൻ മേശക്കടിയിലെ പിടിയിൽചവിട്ടുന്നു. പാലം രണ്ടായിപ്പിളരുന്നു. എതിരാളി കുളത്തിൽ. ഞൊടിയിടയിൽ മജ്ജ മുഴുവൻ കരണ്ടുതിന്നുന്ന മത്സ്യങ്ങൾ ആളെ ശാപ്പിടുന്നു. വധയന്ത്രങ്ങൾ അവസാനിച്ചിട്ടില്ല. പറക്കുന്ന ജെററു വിമാനത്തിൽ ജെയിംസ്ബോണ്ടിനെ കൈ കെട്ടിക്കയററി വെച്ച് വിമാനമോടിക്കുന്നവൾ പുറത്തു് ചാടി പാരച്ചൂട്ട് വഴി രക്ഷപ്പെടുന്നു. എന്നാലും നമ്മുടെ മൃത്യുഞ്ജയനായ നായകൻ അടുത്ത രംഗത്തിൽ മറെറാരു പെണ്ണുമായി കെട്ടിപ്പിടിച്ചു കിടക്കുന്നതു കാണും. നേരെയങ്ങു കാച്ചിക്കളയരുതേ? കഥയിൽ ചോദ്യമില്ലല്ലോ?

അജാതശത്രുവായ നായകന്റെ വീരപരാക്രമങ്ങൾ വെള്ളിത്തിരയിൽ കണ്ടു രസിക്കാൻ ആളുണ്ടാവും. പോരാത്തതിനു മിക്കവാറും നഗ്നകളായ പെൺകുട്ടികളെ തിരശ്ശീല നിറയും വിധം കാണാനും കഴിയും. വില കൂടിയ സാമഗ്രികൾ തച്ചു തകർക്കുന്നതു കണ്ടാൽ ഒതുങ്ങിക്കിടക്കുന്ന

ആസന്നമായ വിപത്തിനെപ്പററി സ്വതന്ത്രാപാർട്ടി പത്രങ്ങളിൽ പരസ്യം ചെയ്തിരിക്കുന്നു. ചക്രവത്തി രാജഗോപാലാചാരിയുടെ വാക്കുകളാണ് പരസ്യത്തിന്റെ ഉള്ളടക്കം. ആളുകളില്ലെങ്കിലും സ്വതന്ത്രാപാർട്ടിക്കു കാശുണ്ട്. അതുകൊണ്ട് അഭിപ്രായങ്ങൾ മുഴുവൻ ആളുകളെ അറിയിക്കാൻ പരസ്യം ചെയ്താൽ പററും. രാജാജി ബുദ്ധിമാനാണെന്നു കരുതുന്നവർ കുറേപ്പേരുണ്ടല്ലോ?

ഇന്ത്യ പൂർവ്വജർമ്മനിയേയും ഉത്തരവിയററുനാമിനേയും അംഗീകരിച്ച നയതന്ത്രബന്ധം സ്ഥാപിക്കുവാൻ പോകുന്നതിൽ രാജാജി ഉൽക്കണ്ഠ പ്രകടിപ്പിക്കുന്നു. നാം പ്രായോഗികമായി അമേരിക്കയിൽ നിന്നു അപരിഹാര്യമായ വിധത്തിൽ വേർപിരിഞ്ഞിരിയ്ക്കുയാണെന്നാണ് രാജാജിയുടെ വിലാപം.

ജനകീയചൈനയും അമേരിക്കയും തമ്മിൽ തന്നെ നയതന്ത്രബന്ധങ്ങൾ അനൌപചാരികമായി സ്ഥാപിച്ചുകഴിഞ്ഞുവെന്നു രാജാജിക്കു അറിഞ്ഞുകൂടെ? വാഴ്സായിൽ വെച്ച് നിത്യേന എന്നൊന്നും ചൈനയുടേയും അമേരിക്കയുടേയും സ്ഥാനപതിമാർ കൂടിയാലോചന നടത്തിക്കൊണ്ടിരിക്കുകയാണ്. കിഴക്കൻ ജർമ്മനിയെ അംഗീകരിക്കാൻ പടിഞ്ഞാറെ ജർമ്മനിവരെ തയ്യാറെടുത്തുകഴിഞ്ഞു. വിയററ്നാമിൽനിന്നൊഴിഞ്ഞുപോകാൻ അമേരിക്ക തയ്യാറാണെങ്കിലും രാജാജി സമ്മതിക്കയില്ല. രാജാവിനെക്കാൾ വലിയ രാജഭക്തിയാണ് രാജാജിയും സ്വതന്ത്രപാർട്ടിയും അമേരിക്കയോടു കാണിക്കുന്നതു.

“വേണ്ടത്രവിവരം ഇല്ലാത്തവരും നേതൃമ്മന്യന്മാരാൽ വഞ്ചിക്കപ്പെടുന്നവരുമായ സമ്മതിദായകർ മൂലമുള്ള പരിമിതികളെക്കുറിച്ചാണു രാജാജിയുടെ മുന്നറിയിപ്പ്. ആളുകൾ രാജാജിയുടെ പാർട്ടിക്കു വോട്ടു ചെയ്യാത്തതിനുള്ള ശകാരമാണിത്. സ്വന്തം കാര്യം നടക്കാഞ്ഞപ്പോൾ രാജാജിക്കു ജനാധിപത്യത്തിൽതന്നെ വിശ്വാസം നഷ്ടപ്പെടുകയാണു. വെറുതെയല്ല അദ്ദേഹം രാഷ്ട്രപതിയുടെ വിവേചനാധികാരത്തെപ്പററി പ്രസംഗിച്ചതും സുബ്ബറാവുവിനെ പ്രസിഡൻറ് സ്ഥാനാർത്ഥിയാക്കിയതും.

ഇപ്പോഴത്തെ പ്രധാനമന്ത്രിയെ മാററി കൂടുതൽ ആശ്രയിക്കാവുന്നയാളെ പ്രധാനമന്ത്രിയാക്കണമെന്നാണ് രാജാജിയുടെ ആവശ്യം. അതിനു ജനാധിപത്യ മാർഗ്ഗമൊന്നും അവലംബിക്കണമെന്നു അദ്ദേഹത്തിനു നിർബ്ബന്ധമുള്ളതായി തോന്നുന്നില്ല. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ഉദ്യോഗസ്ഥമേധാവിത്വം അനുവദിക്കാത്തതാണ് തകരാറ്: സ്വാതന്ത്രാപാർട്ടിയുടെ പരസ്യം നോക്കൂ, എക്സിക്യൂട്ടിവ് ഉദ്യോഗസ്ഥന്മാർ മുന്നറിയിപ്പുകളും സുദൃഢമായ വിധിതീർപ്പുകളും മന്ത്രിമാർക്കു നൽകി സഹായിക്കുമെങ്കിൽ ജനാധിപത്യം സഹ്യമാക്കിത്തീർക്കാവുന്നതാണത്രെ.

രാജാജിക്കു ജനാധിപത്യം സഹിക്കാൻവയ്യാതായിത്തുടങ്ങി ഉദ്യോഗസ്ഥന്മാരുടെ മേലധികാരം അവസാനിക്കുന്നതിൽ അദ്ദേഹത്തിനു സങ്കടമുണ്ട്. റിട്ടയേഡ് ഐ. സി. എസ്സ്. കാർ സ്വതന്ത്രാപാർട്ടിയിൽ ചെന്നുപററുന്നതിൽ അത്ഭുതമുണ്ടോ? ബ്രിട്ടീഷ് യാഥാസ്ഥിതികതത്വങ്ങൾ അതിപ്രധാനമാണെന്നാണു രാജാജിക്കു അഭിപ്രായം. ഒരു പ്രായം കഴിഞ്ഞാൽ പുതിയ ആശയങ്ങൾ ഉൾക്കൊള്ളാൻ വളരെ ചുരുക്കംപേർക്കേ കഴിയൂ. ബ്രിട്ടനിൽതന്നെ ഉദ്യോഗസ്ഥ മേധാവിത്വത്തിനെതിരെ മുറവിളി ഉയരുന്നുണ്ട്. കഴിഞ്ഞ ഒന്നരനൂററാണ്ടായി ബ്രിട്ടീഷുകാർ പറഞ്ഞു പരത്തിയതിൽ മയങ്ങി ബ്രിട്ടനിൽ സർവ്വം ഭദ്രമാണെന്നു ധരിച്ചവരായിരിക്കയാണ് രാജാജിയും കൂട്ടുകാരും. അവിടെയും ഉദ്യോഗസ്ഥമേധാവിത്വം അവസാനിപ്പിക്കാൻ ഓമ്പുഡ്സ്മാനെ നിയമിക്കണമെന്നും മററും ആളുകൾ ഇന്നു വാദിക്കുകയാണ്.

ബ്രിട്ടീഷ് യാഥാസ്ഥിതിക തത്വങ്ങളെ പുകഴ്ത്തുന്ന രാജാജി, ബ്രിട്ടനിലേപ്പോലെ തന്നെ മന്ത്രിമാരെ മാററാൻ പ്രധാനമന്ത്രിക്കു ഇന്ത്യയിലും അധികാരം ഉണ്ടെന്നു പറഞ്ഞാൽ കോപിക്കുന്നതു കാണാം. മൊറാർജിയെ മാററാൻ ഇന്ദിരക്കു അധികാരമുണ്ടെന്നു രാജാജി സമ്മതിക്കയില്ല. ചുരുക്കത്തിൽ സ്വതന്ത്രാ പാർട്ടിയുടെ പരസ്യം ജനാധിപത്യത്തിലുള്ള വിശ്വാസക്കുറവിനും അമേരിക്കക്കു വേണ്ടിയുള്ള വക്കാലത്തിനും നിദർശനമാണ്. ആവഡിയിൽ വെച്ച് സോഷ്യലിസം അത്യാവശ്യമാണെന്നും രാജാജി വാദിച്ചിട്ടുണ്ട്. അവസരത്തിനൊത്തു അഭിപ്രായം മാററിയാൽ ബുദ്ധി,യാണല്ലോ. ഭൂമിയെ ഭാര്യയെപ്പോലെ ആദരിക്കണമെന്നും അതുകൊണ്ട് ‘കൂട്ടുകൃഷി’ അനുവദനീയമല്ലെന്നും പറഞ്ഞയാളാണ് അദ്ദേഹം. രാജാജിക്കു മുമ്പുള്ള ചക്രവർത്തിമാർ രാജ്യം ദൈവം തന്നതായതുകൊണ്ട് രാജ്യ ഭരണത്തിൽ ജനങ്ങൾക്കെന്തു കാര്യമെന്നു ചോദിച്ചവരുമാണ്. പുരാതന വസ്തുക്കളെ ഇവിടെ ബുദ്ധിമാന്മാരായി എഴുന്നുള്ളിക്കുന്നതാണത്ഭുതം.

* * * *

ബാങ്ക് ദേശസാൽക്കരണത്തെപ്പററി ‘മാതൃഭൂമി’യുടെ അഭിപ്രായമെന്താണ്? ഇന്ദിരാഗാന്ധി ബാങ്ക് ദേശസാല്കരിച്ചപ്പോൾ അതു് വേണമെന്നും സുപ്രീം കോടതി ദേശസാൽക്കരണ നിയമം റദ്ദാക്കുമ്പോൾ അതു് വേണ്ടെന്നും. ‘മാതൃഭൂമി’ക്കു സ്വന്തമായി എന്തെങ്കിലും അഭിപ്രായമുണ്ടോ എന്നു ആരും ചോദിക്കരുതു്. 1969 ആഗസ്റ്റ് 1ാം തീയതി വെള്ളിയാഴ്ച ‘മാതൃഭൂമി’ എഴുതി. ദേശസാൽക്കരണത്തിന്റെ ലക്ഷ്യ

(ശേഷം 2-ാം പേജിൽ)

---

നശീകരണ വാസനക്കും തൃപ്തിയായി. മദ്യാദക്കു ഒരു പെണ്ണിനെ നോക്കാൻ പോലും സൌകര്യമില്ലാത്ത നമ്മുടെ നാട്ടിലെ കോളേജ് വിദ്യാർത്ഥികൾ ക്ലാസ്സ് വേണ്ടെന്നു വെച്ചും തീയേററിന്റെ വാതുക്കൽ ജെയിംസ്ബോണ്ടു് ചിത്രം കാണാൻ തടിച്ചു കൂടുന്നതു വെറുതെയല്ലാ. കാബറെ നൃത്തശാലയിൽക്കയറി നിർല്ലോഭം കാശു ചെലവഴിച്ച് നഗ്ന സുന്ദരികളെക്കാണാൻ ഇവിടെ പണക്കാർക്കല്ലേ നിവൃത്തിയുള്ളൂ. ഇരുപത്തിയഞ്ചു പൈസ കൊടുത്ത് പ്രദർശന നഗരിയിൽച്ചെന്നു ‘മനോരഞ്ജൻ’ നൃത്തം കാണാമെന്നു വെച്ചാൽ അശ്ലീലത്തിന്റെ പേരിൽ പോലീസ് കയറി ലാത്തിച്ചാർജ്ജും നടത്തും. അപ്പോൾ ജെയിംസ്ബോണ്ടിന്റെ ചുററും കുഴഞ്ഞാടുന്ന നഗ്ന സുന്ദരികളെ വെള്ളിത്തിരയിൽ കണ്ടെങ്കിലും ആസ്വദിക്കാനായി ചെറുപ്പക്കാർ ചാടി പുറപ്പെടും.

അങ്ങിനെ ‘യൂ ഒൺലി ലിവ് ടൈ്വസ്’ കാണാൻ പോകുന്ന ചെറുപ്പക്കാർക്കു പഴയതു പോലെ രുചിക്കാം. പെണ്ണുങ്ങളെയൊഴിച്ച് മറെറാന്നും കൊള്ളുകയില്ല. ഉപഗ്രഹം വിഴുങ്ങുന്ന രംഗങ്ങൾക്കു കലാനിലയം സ്ഥിരം നാടകവേദിയുടെ നിലവാരമേയുള്ളൂ. ആകപ്പാടെ ജെയിംസ് ബോണ്ടിന്റെ ശൌര്യം പണ്ടേപ്പോലെ ഫലിക്കുന്നില്ല. എങ്കിലും ചക്രവർത്തിനിയുടെ സേവനത്തിനായി ബോണ്ടു് വീണ്ടും വരുമെന്ന ഭീഷണിയുയർത്തിക്കൊണ്ടാണ് ചിത്രം അവസാനിക്കുന്നതു്. ചിന്താശീലരുടെ ചുണ്ടിൽ നിന്നു, അപ്പോൾ, ഒരു പുഞ്ചിരി തെറിച്ചു വീഴും.

0 0 0

# കോൺഗ്രസ്സ് ഫലത്തിന്റെ വാലാകരുത്

**എം. എ. ജോൺ**

കൊട്ടാരക്കര ഉപതിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥിയെ നിറുത്തേണ്ടതില്ലെന്നു കെ. പി. സി. സി. അഡ്ഹോക്ക്കമ്മിററി രഹസ്യമായി തീരുമാനിച്ചിരിക്കുന്നു. വലതു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാനാർത്ഥി ചേലാട്ട് അച്ചുതമേനോന് കോൺഗ്രസ്സ് പിന്തുണ നൽകണമെന്നായിരിക്കും അഡ്ഹോക്ക് കമ്മിററിയുടെ ഔദ്യോഗിക നിശ്ചയം.

സാധാരണ ഗതിയിൽ തെരഞ്ഞെടുപ്പു കാര്യങ്ങളെക്കുറിച്ചാലോചിക്കാൻ ചേരുന്ന യോഗങ്ങളിൽ തെരഞ്ഞെടുപ്പു കമ്മിററിയംഗങ്ങളേയും സംബന്ധിപ്പിക്കാറുണ്ട്. ഇത്തവണ തെരഞ്ഞെടുപ്പു കമ്മിററിയംഗങ്ങളെയൊന്നും അഡ്ഹോക്ക് കമ്മിററിയുടെ യോഗത്തിനു ക്ഷണിച്ചില്ല. അഡ്ഹോക്ക് കമ്മിററി യോഗത്തിനു ക്ഷണിക്കപ്പെട്ടവരിൽപ്പലരും പി. സി. സി. യിലെ നോമിനേററഡ് അംഗങ്ങൾ പോലും അല്ലായിരുന്നു. സംഘടനയിൽ വളരെ അഭിപ്രായവ്യത്യാസമുണ്ടാക്കുന്ന ഈ സുപ്രധാന പ്രശ്നം വേണ്ടത്ര ഗൌരവബുദ്ധിയോടെ അഡ്ഹോക്ക് കമ്മിററി പരിഗണിച്ചില്ല.

അഡ്ഹോക്ക് കമ്മിററി കൺവീനർ കെ. കെ. വിശ്വനാഥനും കോൺഗ്രസ്സ് നിയമസഭാകക്ഷിയും യൂത്ത് കോൺഗ്രസിന്റെ നേതാക്കളും അച്ചുതമേനോനെ പിൻതാങ്ങണമെന്ന അഭിപ്രായക്കാരാണ്. കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കോൺഗ്രസ്സ് പ്രവർത്തകരും കൊല്ലം ജില്ലാ കോൺഗ്രസ്സ് കമ്മററിയും പാർട്ടി സ്ഥാനാർത്ഥിയെ നിർത്തി മത്സരിക്കണമെന്നു വാദിക്കുന്നു. ഈ അഭിപ്രായ വ്യത്യാസങ്ങൾ കാരണത്താൽ രാജ്യമൊട്ടാകെ കോൺഗ്രസ്സ് പ്രവർത്തകരിൽ എന്തു പ്രതികരണമുണ്ടാകുമെന്ന ആശങ്കകൊണ്ടും മാത്രമാണ് കെ. പി. സി. അഡ്ഹോക്ക് കമ്മിററി അതിന്റെ തീരുമാനം പുറത്തു വിടാത്തത്.

കേരളത്തിൽ നടക്കാൻ പോകുന്ന മൂന്നു ഉപതെരഞ്ഞെടുപ്പുകളേയും കെ. പി. സി. സി. അഡ്ഹോക്ക് കമ്മിററി മുന്നിൽ കാണുന്നുണ്ടെന്നതു തീർച്ചയാണ്. കൊട്ടാരക്കര, മാടായി, നിലമ്പൂർ എന്നിവിടങ്ങളിലെ ഉപതെരഞ്ഞെടുപ്പുകളിൽ ഭരണകക്ഷിക്കാരുമായി ധാരണയോ ഐക്യമുന്നണിയോ ഉണ്ടാക്കുകയായിരിക്കണം അഡ്ഹോക്ക് കമ്മിററിയുടെ ലക്ഷ്യം. ഇങ്ങനെ ധാരണയോ മുന്നണിയോ ഉണ്ടാക്കി മത്സരിക്കുന്നതുകൊണ്ട് കോൺഗ്രസ്സിനു വല്ല നേട്ടവുമുണ്ടോ എന്നു നോക്കുന്നതിനു മുമ്പായി കൊട്ടാരക്കര ഉപതെരഞ്ഞെടുപ്പിന്റെ ചില പ്രത്യേകതകൾ എടുത്തുകാണിക്കേണ്ടിയിരിക്കുന്നു.

രാജ്യസഭാംഗമായ അച്ചുതമേനോൻ മുഖ്യമന്ത്രിപദം ഏറെറടുത്ത ശേഷം നിയമസഭാംഗത്വം നേടുന്നതിനുവേണ്ടിയാണ് കൊട്ടാരക്കരയിൽ വന്നു മത്സരിക്കുന്നത്. കൊട്ടാരക്കരയിൽ നിന്നു നിയമസഭയിലേക്കു തെരഞ്ഞെടുക്കപ്പെട്ടിരുന്ന ഒരാളെ രാജിവെപ്പിച്ച് ആ ഒഴിവിൽ അച്ചുതമേനോൻ സ്ഥാനാർത്ഥിയായിരിക്കുന്നു. മാടായിയിലേയും നിലമ്പൂരിലേയും സ്ഥിതി അതല്ല. മാടായിയിൽനിന്നും നിലമ്പൂരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർ മരിച്ചുപോയതുകൊണ്ടാണ് ആ രണ്ടുസ്ഥലത്തും ഉപതെരഞ്ഞെടുപ്പ് വേണ്ടിവന്നത്. രണ്ട് ഉപതെരഞ്ഞെടുപ്പുകൾ നടക്കാനിരിക്കുമ്പോൾ ഒരാളെ രാജിവെപ്പിച്ച് ഭരണത്തലവൻ തന്നെ വന്നു മത്സരിക്കുന്ന സ്ഥലമാണ് കൊട്ടാരക്കര എന്നതുകൊണ്ട്, അവിടത്തെ ഉപതെരഞ്ഞെടുപ്പിൽ ഓരോ രാഷ്ട്രീയ കക്ഷിയും സ്വീകരിക്കുന്ന സമീപനത്തിനു വളരെ പ്രാധാന്യമുണ്ട്. ഭരണകക്ഷികളോട് ഓരോ രാഷ്ട്രീയകക്ഷിയും എടുക്കുന്ന നിലപാട് കൊട്ടാരക്കര ഉപതെരഞ്ഞെടുപ്പിലെ സമീപനത്തിലൂടെയാണ് വ്യക്തമാക്കപ്പെടാൻ പോകുന്നത്. കോൺഗ്രസ്സിന്റെ ഭിന്നിപ്പിനുശേഷം നടക്കാൻ പോകുന്ന ആദ്യത്തെ ഉപതെരഞ്ഞെടുപ്പ് എന്ന നിലയിൽ ഭാവിയിൽ കോൺഗ്രസ്സ് സ്വീകരിക്കാൻപോകുന്ന നയപരിപാടികളും കൊട്ടാരക്കരയിൽ പ്രകടമാക്കേണ്ടിയിരിക്കുന്നു.

അങ്ങിനെയാണെങ്കിൽ കെ. പി. സി. അഡ്ഹോക്ക് കമ്മിററി കൊട്ടാരക്കര ഉപതെരഞ്ഞെടുപ്പിനെ സംബന്ധിച്ച് എടുത്തിട്ടുള്ള നിലപാടിനെ സസൂക്ഷ്മം പരിശോധിച്ചു നോക്കാം. തങ്ങളുടെ നിലപാടിനെ അനുകൂലിക്കുന്നതിനു അഡ്ഹോക്ക് കമ്മിററിക്കു പറയാനുള്ള ന്യായങ്ങൾ എന്തൊക്കെയാണ്.

1. മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഭരണം ഒഴിവാക്കാൻ കുറുമുന്നണിയുടെ ഭരണം തുടരേണ്ടത് ആവശ്യമാണ്. അതിനു അച്ചുതമേനോൻ ഉപതെരഞ്ഞെടുപ്പിൽ ജയിക്കണം. 2. ഉടനെ ഒരു ഇടക്കാല തെരഞ്ഞെടുപ്പിനെ നേരിടാൻ കോൺഗ്രസ്സ് സന്നദ്ധമല്ല. 3. കോൺഗ്രസ്സ് പിന്തുണ നൽകുന്നില്ലെങ്കിൽ, ഒരുപക്ഷെ ആർ. എസ്സ്. പി.-യും ഐ. എസ്സ്. പി.—യും ഭരണകക്ഷികളുടെ കൂട്ടത്തിൽനിന്നു മാറി മാർക്സിസ്റ്റുകാരുമായി വീണ്ടും ഒന്നിക്കും. 4. മററു രണ്ടു ഉപതെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ്സിനു പിൻതുണ നൽകാൻ ഭരണകക്ഷിക്കാർ തയ്യാറാകും. 5. അഖിലേന്ത്യാടസ്ഥാനത്തിൽ വലതു കമ്മ്യൂണിസ്റ്റ് പാർട്ടി, കോൺഗ്രസ്സിനു പിന്തുണനൽകുന്നതുകൊണ്ട് കേരളത്തിൽ അവർക്കു പിന്തുണനൽകാൻ കോൺഗ്രസ്സിനു ബാദ്ധ്യതയുണ്ട്. 6. 1972 ലെ ഉപതെരഞ്ഞെടുപ്പിൽ കുറുമുന്നണിയുമായി യോജിച്ചു മത്സരിക്കാൻ കോൺഗ്രസ്സിനു സാധിക്കും.

അഡ്ഹോക്ക് കമ്മിററിയുടെ ന്യായവാദങ്ങളെ ഒന്നൊന്നായി എടുത്ത് വസ്തുനിഷ്ഠമായി പരിശോധിച്ചു നോക്കാം. മാർക്സിസ്റ്റ് നേതൃത്വത്തിലുള്ള ഭരണം ഒഴിവാക്കാൻ കുറുമുന്നണിയുടെ ഭരണം തുടരണമെന്നാണല്ലോ വാദം. മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഭരണം നടക്കുമ്പോഴുണ്ടായിരുന്ന നിലയെ അപേക്ഷിച്ച് നിയമക്രമസമാധാനനില ഭേദപ്പെട്ടിട്ടുണ്ടെന്നതുമാത്രമാണ് കുറുമുന്നണിക്കാർക്കു പിന്തുണ നൽകാനുള്ള കാരണമായി കോൺഗ്രസ് ഉന്നയിക്കുന്നത്. യഥാർത്ഥത്തിൽ ക്രമസമാധാന നില മെച്ചപ്പെട്ടിട്ടുള്ളത് കുട്ടനാടൻ ജന്മികൾക്കു മാത്രമാണ്. ലോക്കപ്പ് മർദ്ദനവും കർഷകത്തൊഴിലാളികൾക്കെതിരായ മർദ്ദനവും കുറുമുന്നണിയുടെ വാഴ്ചയിൽ വർദ്ധിച്ചിരിക്കുന്നു. കുറേപ്പേർക്കു പട്ടയ വിതരണം നടത്തിയെന്നതു ഭരണത്തിന്റെ ഒരു നേട്ടമായി പറയാവുന്നതല്ല. മുമ്പ് കൈവശത്തിലിരുന്നതും ദേഹണ്ഡിച്ചിരുന്നതും അനുഭവിച്ചിരുന്നതുമായ ഭൂമിയുടെ പട്ടയം കിട്ടി എന്നതുകൊണ്ട് എന്തു മെച്ചമാണ് കൂടുതലുണ്ടായതു ? ഇക്കണെക്കിനു സർട്ടിഫിക്കററ് ഒപ്പിട്ടുകൊടുക്കുന്നവർ കാരണമാണ് വിദ്യാർത്ഥികൾ പരീക്ഷ പാസ്സാകുന്നതെന്നു പറയുമോ?

മാത്രമല്ലാ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭരണം ഒഴിവാക്കുന്നുവെന്നതു് ഒരു നേട്ടമല്ല. ഒരു നേട്ടമാണെങ്കിൽ തന്നെ ആ നേട്ടം കൈവന്നശേഷമാണ് അച്യുതമേനോൻ മുഖ്യമന്ത്രിയായി വരുന്നതു്. നയപരമായ അഭിപ്രായഭിന്നതയാണ് മുമ്പത്തെ മന്ത്രിസഭയോടു് ഉണ്ടായിരുന്നതെങ്കിൽ, ആ അഭിപ്രായഭിന്നത ഇപ്പോഴും ഉണ്ടാകേണ്ടതാണ്. കാരണം ഏഴുകക്ഷികളുടെ നയപ്രഖ്യാപനമാണ് കുറുമുന്നണിയും നടപ്പാക്കുന്നുവെന്നു് അവകാശപ്പെടുന്നതു്.

അച്യുതമേനോൻ ഉപതിരഞ്ഞെടുപ്പിൽ തോററാൽ ഇടക്കാലതിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കേണ്ടി വരുമെന്നും അതിനു കോൺഗ്രസ്സ് സന്നദ്ധമാണോ എന്നും ചോദിക്കപ്പെടുന്നു. ഇടക്കാല തിരഞ്ഞെടുപ്പ് ഒഴിവാക്കാൻ മററു കക്ഷികളെക്കാൾ വ്യഗ്രത കാണിക്കേണ്ടയാവശ്യമെന്താണെന്നു മനസ്സിലാകുന്നില്ല. 1967 ൽ നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനുള്ള ജനസ്വാധീനത്തിനു അനുസരിച്ച് നിയമസഭയിൽ സ്ഥാനം ലഭിക്കാതെ പോകുകയാണ് ചെയ്തതു്. 36 ശതമാനം വോട്ടുനേടിയ കോൺഗ്രസ്സിനു 9 സ്ഥാനങ്ങൾ മാത്രം ലഭിച്ചു. ഏതുനിലയിലും, ഇപ്പോൾ ഇടക്കാല തെരഞ്ഞെടുപ്പ് ഉണ്ടാകുന്നെങ്കിൽ തന്നെ കോൺഗ്രസ്സേതര കക്ഷികൾ ഭിന്നിച്ചായിരിക്കും മത്സരിക്കുന്നതു്. അപ്പോൾ കോൺഗ്രസ്സിനു 9 സ്ഥാനങ്ങളേക്കാൾ വളരെ കൂടുതൽ ലഭിക്കുന്നതായിരിക്കും. എന്നു മാത്രമല്ല സിൻഡിക്കേററിനു കോൺഗ്രസ്സ്കാരിലും നാട്ടുകാരിലും കാര്യമായ പിന്തുണയില്ലെന്നു തെളിയിക്കാൻ ഇടക്കാലതെരഞ്ഞെടുപ്പു വന്നാൽതന്നെ അതു് ഒരവസരമായിരിക്കും. കോൺഗ്രസ്സിനേക്കാൾ വല്ല കക്ഷിക്കും കൂടുതൽ സ്ഥാനങ്ങൾ ലഭിക്കുന്നെങ്കിൽ അതു് മാർക്സിസ്റ്റ്കാർക്കായിരിക്കും. അങ്ങിനെ സംഭവിച്ചാലും കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഇതേവരെ ഉണ്ടായിരുന്നതിൽ നിന്നു വ്യത്യസ്തമായി ദോഷം വരാനൊന്നുമില്ല. നിയമസഭാ സ്ഥാനങ്ങളുടെ കാര്യത്തിൽ ഗുണം ലഭിക്കാനുമിടയുണ്ടു്.

അച്യുതമേനോൻ മന്ത്രിസഭയെ കോൺഗ്രസ്സ് താങ്ങി നിർത്തുന്നില്ലെങ്കിൽ ആർ. എസ്സ്. പിക്കാരും ഐ. എസ്സ്. പി. ക്കാരും കുറുമുന്നണി വിട്ടു് മാർക്ക്സിസ്റ്റ് കാരുടെ കൂടെപ്പോകുമെന്നാണ് കെ. പി. സി. സി. അഡ്ഹോക്ക് കമ്മിററിയുടെ ആശങ്ക. കുറുമുന്നണിക്കു ഏററവും കൂടുതൽ ജന പിന്തുണയുണ്ടെന്നു അവകാശപ്പെടുന്ന സന്ദർഭത്തിൽ തന്നെ ഈ രണ്ടു് പാർട്ടികളേയും കുറിച്ച് ഇങ്ങനെ ആശങ്കിക്കാൻ വകയുണ്ടെങ്കിൽ അടുത്ത് തന്നെ ആ പാർട്ടികൾ മാർക്സിസ്റ്റ്കാരുടെ കൂടെ കൂടുമെന്നു തീർച്ചയാണ്. അങ്ങിനെ ആർ. എസ്സ്. പി. യും ഐ. എസ്സ്. പി. യും ചെയ്യുന്നുണ്ടെങ്കിൽ അതിന്റെ കാരണം തങ്ങളുടെ നിലനിൽപ്പിനു മാർക്സ്റ്റ്കാരുടെ കൂടെ കൂടുന്നതാണ് നല്ലതെന്നും അവർ കരുതുന്നതുകൊണ്ടാകണം. ഈ കൊച്ചു കക്ഷികൾ സ്വന്തം കക്ഷിയുടെ നിലനിൽപ്പിനുവേണ്ടി കാണിക്കുന്ന താൽപര്യംപോലും കാണിക്കാതെ, വ്യക്തിത്വം കളഞ്ഞുകുളിച്ച് വലതു് കമ്മ്യൂണിസ്റ്റ് പാർട്ടിക്കു പിന്തുണ നൽകാൻ കോൺഗ്രസ്സ് മുതിരേണ്ടയാവശ്യമില്ല.

## വലതു–മുസ്ലീംലീഗ് സംഘടന

മാടായി, നിലമ്പൂർ ഉപതെരഞ്ഞെടുപ്പുകളിൽ വലതു കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും മുസ്ലീം ലീഗിന്റെയും പിൻതുണനേടാൻ കഴിയുമെന്നായിരിക്കും കെ. പി. സി. സി. അഡ്ഹോക്ക് കമ്മററിയുടെ പ്രതീക്ഷ. ഒരു പക്ഷേ ആ പ്രതീക്ഷ സഫലമായെന്നുവരാം? അതുകൊണ്ടു് എന്തു മെച്ചമാണ് കോൺഗ്രസ്സിനു ഉണ്ടാകാൻ പോകുന്നതു്. ഈ രണ്ടു് നിയോജകമണ്ഡലങ്ങളിലും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കു ഒററക്കു മത്സരിച്ചു ജയിക്കാനുള്ള ശക്തിയുണ്ടെന്നാണ് കഴിഞ്ഞ തെരഞ്ഞെടുപ്പുകളുടെ ഫലം പരിശോധിച്ചാൽ കാണുന്നതു്. തിരുകൊച്ചി പ്രദേശത്തു് കോൺഗ്രസിനുള്ള ശക്തി മലബാർ ഭാഗത്തില്ല. താരതമ്യേന മലബാറിൽ സിൻഡിക്കേററുകാർക്കു ശക്തിയുമുണ്ടു്. ഈ നിലയിൽ വ്യക്തിത്വം നശിപ്പിച്ചുകൊണ്ടു് മുസ്ലീംലീഗും വലതു കമ്മ്യൂണിസ്റ്റ് കക്ഷിയുമൊന്നിച്ച് മുന്നണിയായി കോൺഗ്രസ്സ് മലബാറിന്റെ ഉപതെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതുകൊണ്ടു് നേട്ടമൊന്നുമുണ്ടാകാനില്ല. അഥവാ, മുസ്ലീംലീഗിന്റെ പിൻതുണയോടെ ഏതെങ്കിലുമൊരു ഉപതിരഞ്ഞെടുപ്പിൽ ജയിക്കുന്നുവെങ്കിൽ തന്നെ നിയമസഭയിൽ പാർട്ടിയുടെ ഒരു സ്ഥാനം വർദ്ധിക്കുന്നുവെന്നതിൽ കവിഞ്ഞു് വലിയ ഗുണമൊന്നുമില്ലതാനും. സിൻഡിക്കേററും ഒരു സ്ഥാനാർത്ഥിയെ നിർത്തിയാൽ പ്രതീക്ഷിക്കുന്ന ജയവും ഉണ്ടാകുകയില്ല.

വലതു കമ്മ്യൂണിസ്റ്റ് പാർട്ടി കേന്ദ്രത്തിൽ കോൺഗ്രസ്സ് ഗവർമ്മെണ്ടിനു് പിന്തുണ നൽകുന്നതുകൊണ്ടു് കേരളത്തിൽ വലതു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിയന്ത്രണത്തിലുള്ള ഗവർമ്മെണ്ടിനു കോൺഗ്രസ് പിന്തുണ നൽകണമെന്നും ആ പിന്തുണയുടെ ഭാഗമായി കൊട്ടാരക്കരയിൽ അച്യുതമേനോനെ സഹായിക്കണമെന്നുമാണ് അഡ്ഹോക്ക് കമ്മിററി ഉന്നയിക്കുന്ന മറെറാരു വാദം. കേന്ദ്ര ഗവർമ്മെണ്ടിനു വലതു കമ്യൂണിസ്റ്റ് പാർട്ടി നൽകുന്ന പിന്തുണ സ്ഥിരമായി ലഭിക്കുന്നതാണെന്നു കരുതാൻ വയ്യ. ഓരോ പ്രശ്നത്തേയും വിലയിരുത്തിയിട്ടായിരിക്കും കേന്ദ്രഗവർമ്മെണ്ടിനു പിന്തുണ നൽകുന്നതെന്ന് വലതുകമ്മ്യൂണിസ്റ്റ് നേതാക്കൾ വ്യക്തമാക്കിയിട്ടുണ്ടു്. കേരളത്തിലും തുടക്കത്തിൽ അച്യുതമേനോൻ മന്ത്രിസഭക്കു കോൺഗ്രസ് പിൻതുണ നൽകുന്നതു് ഓരോ പ്രശ്നത്തെ വിലയിരുത്തിയിട്ടായിരിക്കുമെന്നു പറയപ്പെട്ടിരുന്നു. ആ നിലപാടിൽ മാററംവരുത്തി അച്യുതമേനോൻ മന്ത്രിസഭയെ എന്തുചെയ്തും നിലനിർത്തുകയാണ് തങ്ങളുടെ നയമെന്ന പ്രഖ്യാപനമാണ് വാസ്തവത്തിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ പാർട്ടി സ്ഥാനാർത്ഥിയെ നിർത്തേണ്ടതില്ലെന്നു കെ. പി. സി. സി. അഡ്ഹോക്ക് കമ്മററി തീരുമാനിച്ചതിന്റെയർത്ഥം. മാത്രമല്ല. ഇന്ദിരാ ഗവർമ്മെണ്ടിനോടു് ഇതേനയംതന്നെ വലതു് കമ്മ്യൂണിസ്റ്റ്പാർട്ടി അനുവർത്തിക്കുമെന്നുള്ളതിനു ഉറപ്പൊന്നുമില്ല. വലതു് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നയങ്ങൾ ഇന്നും റഷ്യയുടെ താല്പര്യങ്ങൾക്കനുസരിച്ച് രൂപംകൊള്ളുന്നതാണ്. ഇന്ദിരാഗവർമ്മെണ്ടിനെ റഷ്യയനുകൂലിക്കുന്നിടത്തോളം മാത്രമേ വലതു് കമ്മ്യൂണിസ്റ്റുകാരുടെ പിന്തുണയും അതിനു ലഭിക്കുകയുള്ളു.

ഇതിനെല്ലാററിനുമുപരി കൊട്ടാരക്കരയിലേയും മററും ഉപതെരഞ്ഞെടുപ്പുകളാണ് ഭാവിയിൽ കേരളത്തിലെ കോൺഗ്രസ്സ് സ്വീകരിക്കാൻ പോകുന്ന നയത്തിന്റെ മുന്നോടിയെന്നു അഡ്ഹോക്ക് കമ്മററിക്കു അഭിപ്രായമുണ്ടെന്നു തോന്നുന്നു. അങ്ങിനെയാണെങ്കിൽ അഡ്ഹോക്ക്കമ്മററിയുടെ നയം കൂലംകഷമായി പരിശോധിക്കപ്പെടണം. 1972ലെ തെരഞ്ഞെടുപ്പിന്റെപശ്ചാത്തലത്തിലായിരിക്കും ഉപതെരഞ്ഞെടുപ്പുകളെ ജനങ്ങളും കോൺഗ്രസ്സുകാരും കാണുന്നതും. അപ്പോൾ

(ശേഷം 13-ാം പേജിൽ)

# കത്തുകൾ

## കാലഘട്ടത്തിന്റെ ശബ്ദം

നിർണ്ണയത്തിന്റെ രണ്ടു ലക്കങ്ങളും ശ്രദ്ധയോടെ വായിച്ചു. ലാഭേച്ഛയില്ലപരി പിന്തിരിപ്പൻ ആശയ ഗതിക്കെതിരായ സമരത്തിന് നേതൃത്വം കൊടുക്കുന്ന ജോണിന് പൂച്ചെണ്ടുകൾ. ആദ്യ ലക്കത്തിൽ രാജന്റെ കുഞ്ഞിനെപ്പററിയുള്ള ഹൈക്കോടതിയിന്മേലുള്ള പരാമർശനം കോടതികളെപ്പററിയുള്ള സാമാന്യജനങ്ങളുടെ തെററിദ്ധാരണകൾ നീക്കുവാൻ ഒരതിർത്തിവരെ സഹായിച്ചിട്ടുണ്ട്. കുട്ടനാട്ടിലെ കാർഷികത്തൊഴിലാളികളുടെ പ്രശ്നത്തെപ്പററിയുള്ളരണ്ടാംലക്കത്തിലെ ലേഖനം മനുഷ്യമനഃസാക്ഷിയെ ഉണർത്തുവാൻ പര്യാപ്തമാണ്. മാർക്സിസ്റ്റ് ബലാൽസംഗത്തേയും, പറാലിലെ തീവെപ്പിനേയും കുറിച്ച് രാജ്യത്തെ പിന്തിരിപ്പൻ പത്രങ്ങളുടെ നിറം പിടിപ്പിച്ച നുണകളുടെ യഥാർത്ഥരൂപം വെളിച്ചത്തുകൊണ്ടുവരുന്ന ''എഴുതാപ്പുറം'' ''മട്ടന്നൂർ'' സംഭവത്തെകുറിച്ച് യാഥാർത്ഥ്യം അന്വേഷിച്ച് റിപ്പോർട്ടു്ചെയ്താൽ നന്നായിരിക്കും. ചൈനയിലെ സാംസ്ക്കാരിക വിപ്ലവത്തെക്കുറിച്ചുള്ള പുസ്തകാവലോകനം ഇന്ത്യയ്ക്ക് പുറത്ത് എന്തുനടക്കുന്നു എന്നതിനേക്കുറിച്ച് യുവാക്കളെ ബോധവാന്മാരാക്കുന്നു. രാഷ്ട്രീയ വിദ്യാർത്ഥികൾക്ക് ഉപകരിക്കത്തക്കവിധത്തിൽ ഒരു സ്ഥിരം ചോദ്യോത്തരപംക്തി ശ്രീ ജോൺതന്നെ കൈകാര്യം ചെയ്താൽ നന്നായിരിക്കും. പരസ്യത്തിന്റെ പിറകിലുള്ള ബലഹീനതയെക്കുറിച്ച്ബോധ്യമുള്ളതുകൊണ്ട് പരസ്യം സ്വീകരിക്കാതിരിക്കുന്നത് നല്ലതുതന്നെ. അതേസമയം തന്നെ, വാരികയുടെ വില അല്പം കുറയ്ക്കുവാൻ വേറെ വഴി അന്വേഷിക്കണം. ചുരുക്കത്തിൽ, ഈ കാലഘട്ടത്തിന്റെ ശബ്ദം മുഴക്കുവാൻ നിർണ്ണയത്തിന് കഴിഞ്ഞിരിക്കുന്നു. ആ ശബ്ദം കൂടുതൽ ഉച്ചത്തിൽ മുഴങ്ങട്ടെ. അതിന് ഈ രാജ്യത്തെ പുരോഗമനാശയക്കാർ കക്ഷിരാഷ്ട്രീയ ഭേദമന്യേ സഹായിക്കുകയാണ് വേണ്ടത്.

എ. എൻ.
അങ്കമാലി

X X X X X X

## കവിത ആവാം

എണ്ണമില്ലാതെ വാരികകളും മാസികകളും ചവറുകളായി ഇറങ്ങുന്ന മലയാളത്തിൽ ഇങ്ങനെ ഒരു കനമുള്ള സംരംഭം തീർച്ചയായും അഭിനന്ദനമർഹിക്കുന്നുണ്ട്. കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ സാമാന്യപരിധി വിട്ടു നിൽക്കുന്ന ബുദ്ധിജീവികളുടെ വിരളമായ തലങ്ങളിലേയ്ക്ക് വാരികയ്ക്കു പുതുമയും വിജ്ഞാനവും കൊടുക്കാൻ കഴിയട്ടെ എന്നാശംസിക്കുന്നു. കഥ ഒഴിച്ചു നിർത്തുന്നെങ്കിലും കവിത ആവാമെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. ഓരോ ലക്കത്തിലും ഓരോ കവിതവീതമെങ്കിലും ആയ്ക്കൂടെ? താങ്കളുടെ സൌകര്യംപോലെ. 'നിർണ്ണയത്തിനു സ്വന്തമായ ഒരു ദർശനം ഉണ്ടാകുമെന്നു വിശ്വസിക്കട്ടെ.

മേലോത്ത് ചന്ദ്രശേഖരൻ നായർ
ലെക്ച്ചറർ,
പയ്യന്നൂർ കോളജ്.

X X X X X X

## പതറാതെ മുന്നോട്ട്

നിർണ്ണയത്തിന്റെ പ്രഥമ ലക്കം വായിച്ചു. ഉള്ളതു പറയട്ടെ. നമ്മുടെ പ്രസിദ്ധീകരണ രംഗത്ത് പുതിയതായി ജനിച്ച ഈ ശിശു ആരോഗ്യവാനായ് വളർന്ന് ഒരു വലിയ ആളായിത്തീരുമെന്നാണ് എന്റെ വിശ്വാസം. തികച്ചും സ്വതന്ത്രമായ ഒരു ചിന്താസരണി വെട്ടിത്തുറക്കാനുള്ള ശ്രമമാണ് നിങ്ങളുടേതു്. സത്യത്തിനു കയ്പുണ്ട് അക്കാരണം കൊണ്ടു തന്നെ സത്യം പറയുന്നവർ വേട്ടയാടപ്പെടുകയും ചെയ്യും. എന്തെല്ലാമായാലും പതറാതെ മുന്നോട്ട്. നമ്മുടെ ഉന്നത നീതിപീഠത്തെ ശരിയായി വിലയിരുത്തിയ രാജനെ എന്റെ എളിയ അഭിവാദ്യങ്ങളറിയിക്കുക. നിർണ്ണയത്തിനും താങ്കൾക്കും എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

സ്വന്തം
വി. ഇ. ഹംസ
ആസാദ് ബുക്ക്സെന്റർ,
ഹോസ്പിററൽ റോഡ്,
എറണാകുളം -1.

X X X X

## പുതിയ മേഖലയിലൂടെ

ഉള്ളടക്കം കുറച്ചുകൂടി വിപുലീകരിച്ചാൽ നന്നായിരിക്കും. യുക്തിവാദസംബന്ധമായ ലേഖനങ്ങൾ ആവശ്യമാണ്. എഴുതാപ്പുറം, കാഴ്ചപ്പാടുകൾ എന്നീ പംക്തികൾ ഗംഭീരമായിരിക്കുന്നു. പഴയ സാമൂഹികക്രമത്തിലും ചുററുപാടിലും ജീവിക്കേണ്ടിയിരിക്കുന്ന ഇന്നത്തെ തലമുറയ്ക്ക് ഉപദേശം നൽകുന്നതിനു താങ്കളെപ്പോലെ പുരോഗമന വിപ്ളവചിന്താഗതിയുള്ളവരുടെ സഹകരണം ആവശ്യമാണ്.

വിലകുറഞ്ഞ കഥകളും ആഭാസത്തരങ്ങളും കുത്തിനിറച്ച് യുവതലമുറയെ വഴിപിഴപ്പിക്കുവാനാണ് ഇന്നത്തെ പ്രസിദ്ധീകരണക്കാർ ശ്രമിക്കുന്നതു്. അതുപോലെ ദിനപ്പത്രങ്ങളും സത്യസന്ധമായും നിഷ്പക്ഷമായും വാർത്തകൾ പ്രസിദ്ധീകരിക്കുവാൻ ശ്രമിച്ചു കാണുന്നില്ല. കണ്ണടച്ചിരുട്ടാക്കുകയാണ് ഇവ. സാമാന്യജനം അതു വിശ്വസിക്കുന്നു. ഇങ്ങനെയുള്ള ചുററുപാടിൽ ഈ ദുഷിച്ച പ്രവണതയെ തുറന്നു വിമർശിച്ചുകൊണ്ട് ആരും കൈവെയ്ക്കാൻ മടിക്കുന്ന ഒരു പുതിയ മേഖലയിൽ കൂടി മുന്നോട്ടു കുതിക്കുന്ന താങ്കളെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ ഓരോ പുതിയ സമീപനങ്ങൾ 'നിർണ്ണയ'ത്തിൽ കാണാൻ കഴിയുമെന്നു വിശ്വസിക്കുന്നു.

പി. വി. സോമശേഖരൻ നായർ.
പാലം പുരയിടത്തിൽ
പാലാ.

X X X X

## അർത്ഥവത്തായ പേര്

പേര് അർത്ഥവത്താണ്. 'നിർണ്ണയം' നിർണ്ണായകമായ സംഭവവികാസങ്ങൾക്കു വഴിതെളിയിക്കുന്ന ഒരു ഉത്തമപ്രസിദ്ധീകരണമായിരിക്കുമെന്നു പ്രതീക്ഷിക്കുന്നു.

പി. പി. ഗോപാലൻ.
പുളിയ്ക്കൽ വീട്
ഏററുമാനൂർ

പത്രാധിപർക്ക് അയക്കുന്ന എല്ലാ കത്തുകളിലും വായനക്കാർ പൂർണ്ണമായ മേൽ വിലാസം അറിയിക്കുന്നില്ലെങ്കിൽ കത്തുകൾ പ്രസിദ്ധീകരിക്കുന്നതല്ല. പ്രസിദ്ധപ്പെടുത്താൻ പാടില്ലെങ്കിൽ, ആ വിവരവും പ്രത്യേകം എഴുതണമെന്നു അഭ്യർത്ഥിക്കുന്നു.

# ഭൂപരിഷ്കരണങ്ങൾ: കഴിഞ്ഞതും വരേണ്ടതും

**കെ. അരവിന്ദാക്ഷൻ**

ന്യൂഡൽഹിയിലെ അന്തരീക്ഷത്തിൽ ഈ തണുപ്പുകാലത്ത് ശകലം സോഷ്യലിസ്റ്റ് മണമുണ്ട്. ഭരണകക്ഷിയിലെ അനിവാര്യമായ പിളർപ്പിന്റെ സ്വാഭാവികമായ പരിണാമമാണിത്. പ്രധാനമന്ത്രിമുതൽക്കിങ്ങോട്ടുള്ള ഔദ്യോഗിക വക്താക്കൾ ഭാരതീയ ജനതയ്ക്ക് ഉറപ്പു നൽകാൻ ശ്രമിക്കുന്നത്, ഇനിയങ്ങോട്ട് ഇന്ത്യൻ സോഷ്യലിസം പഴയതുപോലെ 'ശൂന്യതയിലെ സാമൂഹ്യവൽക്കരണം' ആകയില്ലെന്നാണ്. തത്വത്തിൽ പരിവർത്തനവും പ്രയോഗത്തിൽ യാഥാസ്ഥിതികത്വവു മെന്ന പഴയ പരിപാടിയിൽ നിന്നു പൂർണ്ണമായി മാറി' ബിർളാ ഇടപാടുകളെക്കുറിച്ച് അന്വേഷണം മുതൽ ഭൂപരിഷ്ക്കരണം വരെയുള്ള കാര്യങ്ങൾ നടപ്പാക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കുമെന്നാണ് പറയപ്പെടുന്നത്.

## സംശയദൃഷ്ടി

കഴിഞ്ഞകാലത്ത് ഈ മുദ്രാവാക്യങ്ങളും വാഗ്ദാനങ്ങളും ഇന്ത്യയിലെ ജനങ്ങൾ വളരെ കേട്ടതാണ്. അതുകൊണ്ട് ഈ പരിപാടികൾ ആത്മാർത്ഥമായി നടപ്പാക്കുമോ എന്നതു സംബന്ധിച്ച് അവർ സംശയാലുക്കളായിരിക്കും. സ്വാതന്ത്ര്യോദയത്തിനും പഞ്ചവത്സരപദ്ധതികൾക്കും വളരെ മുമ്പേതന്നെ കോൺഗ്രസ്സ് കക്ഷിയുടെ പരിപാടികളിൽ കാതലായിരുന്ന ഭൂപരിഷ്ക്കരണങ്ങളുടെ കാര്യത്തിൽ സംശയം കൂടുതൽ ശക്തമായിരിക്കും. 1946 ലെ കോൺഗ്രസ്സ് പരിഷ്ക്കരണ പത്രികയിൽ 'സ്റ്റേറ്റിനും കർഷകനുമിടയിലുള്ള മദ്ധ്യവർത്തികളെ നീക്കണം' മെന്നു പറഞ്ഞിരുന്നു. 1947 അവസാനമായപ്പോഴേക്കും ഓരോ വ്യക്തിയുടേയും കൈവശത്തിലുള്ള ഭൂമിക്കു പരിധി നിർണ്ണയിക്കണമെന്നതു കോൺഗ്രസ്സിന്റെ നയമായി 'ഡോക്ടർ റൊണാൾഡ് സീഗൾ' പറയുംപോലെ കൃഷിഭൂമി കർഷകന് എന്നതു കോൺഗ്രസ്സിന്റെ സമരകാലത്തെ മുറവിളിയായിരുന്നു. അതു പിന്നീട് കോൺഗ്രസ്സ് ഭരണത്തിന്റെ വാഗ്ദാനവുമായി. (ദി ക്രൈസിസ് ഇൻ ഇന്ത്യാ–പേജ് 204) കൂടുതൽ ഉച്ചത്തിൽ, അൽപ്പം രാഷ്ട്രീയച്ചുവയോടെ ഈ മുറവിളി ഇപ്പോൾ വീണ്ടും വീണ്ടും ആവർത്തിക്കപ്പെടുന്നുണ്ട്. നിലക്കാത്ത അധികാരമത്സരത്തിന്റെ ഭാഗമായിട്ടായിരിക്കും ഇതു നടക്കുന്നത്.

## ഭൂപരിഷ്കരണങ്ങളുടെ ലക്ഷ്യം

സ്വാതന്ത്ര്യത്തിനു ശേഷം പണ്ഡിറ്റ് നെഹ്രുവിൽ നിന്ന് പ്രചോദനം നേടിക്കൊണ്ട് ആസൂത്രണ കമ്മീഷൻ ഭൂപരിഷ്ക്കരണങ്ങളുടെ പേരിൽ ആണയിട്ടു തുടങ്ങി. രണ്ടുതരം ലക്ഷ്യം നേടുന്നതിനുവേണ്ടി പരിവർത്തനാരംഭമായ കാർഷിക പരിഷ്ക്കരണം നടത്തണമെന്നു രണ്ടു ദശാബ്ദം മുമ്പുതന്നെ കൊട്ടിഘോഷിച്ചു. (1) കഴിഞ്ഞ കാലത്തു നിന്നു പരമ്പരാഗതമായി വന്ന കാർഷിക സംവിധാനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള തടസ്സങ്ങൾ നീക്കി കാർഷികോല്പാദനം വർദ്ധിപ്പിക്കുക. നല്ല കാര്യക്ഷമതയും ഉല്പാദനക്ഷമതയുമുള്ള ഒരു കാർഷിക സമ്പദ്‌വ്യവസ്ഥക്കു രൂപം കൊടുക്കുന്നതിനു വേണ്ട സാഹചര്യങ്ങളുണ്ടാക്കാൻ ഇതു സഹായിക്കും, (2) കാർഷികസംവിധാനത്തിലെ സാമൂഹ്യനീതിയും എല്ലാത്തരം ചൂഷണങ്ങളും അവസാനിപ്പിക്കാനും മണ്ണുമായി മല്ലിടുന്നവന് ഭദ്രത നൽകാനും ഗ്രാമീണ ജനതയിലെ എല്ലാ വിഭാഗങ്ങൾക്കും അവസരസമത്വവും തുല്യമായ പദവിയും നൽകാനും ഇതു വഴി സാധിക്കും.

വിശാലമായ ഈ രണ്ടു ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ, ആദ്യത്തെ രണ്ട് പഞ്ചവത്സരപദ്ധതികൾ ഭൂപരിഷ്ക്കരണങ്ങളുടെ സവിശേഷതകളായിപ്പറയുന്നത് ഇവയൊക്കെയാണ്. (എ) മദ്ധ്യവർത്തികളെ ഇല്ലാതാക്കുക. (ബി) കുടിയായ്മ പരിഷ്ക്കരണവും പാട്ടംകുറയ്ക്കലും (സി) കൃഷിഭൂമിയുടെ പരിധിനിശ്ചയിക്കൽ (സി) കൃഷിയിടങ്ങളെ സ്വരൂപിക്കൽ, ഭൂഭരണസമ്പ്രദായങ്ങൾ, കൂട്ടുകൃഷി വികസനം, സഹകരണാടിസ്ഥാനത്തിലുള്ള ഗ്രാമഭരണം എന്നിവയൊക്കെ ഉൾപ്പെട്ട കാർഷിക പുനഃസംഘടന. ഒന്നാം പദ്ധതിയുടേയും രണ്ടാം പദ്ധതിയുടേയും കാലഘട്ടത്തിൽ അനുവർത്തിച്ചതിന്റെ തുടർച്ചമാത്രമായിരുന്നു, മൂന്നാം പദ്ധതിക്കാലത്തെ ഭൂപരിഷ്ക്കരണനയം.

## നിരവധി പിഴകൾ

മദ്ധ്യവർത്തികളെ ഒഴിവാക്കാനും കുടിയായ്മകൾ ക്രമീകരിക്കാനും, ഭൂപരിധി നിർണ്ണയിക്കാനും മിക്ക സംസ്ഥാനങ്ങളിലും നിയമനടപടികളെടുത്തിട്ടുണ്ട്. എന്നാൽ ഈ വഴിക്കുള്ള പുരോഗതി തൃപ്തികരമാണെന്നു കിറുക്കന്മാർ മാത്രമേ സമ്മതിക്കുകയുള്ളൂ. ഈ പരിഷ്ക്കരണങ്ങൾ നടപ്പാക്കിയിട്ടുള്ളത് അതിന്റെ ശരിയായ അർത്ഥത്തിലല്ലെന്നും വളരെ അപര്യാപ്തമാണ് അവയുടെ ഗതിയെന്നും ഭാരതീയ കാർഷികരംഗത്തെ നിരീക്ഷിക്കുന്ന ആർക്കും ബോദ്ധ്യപ്പെടും.

ഈ വഞ്ചനക്കു കാരണക്കാരൻ ആരാണ്? കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഭരണം കയ്യാളുന്ന സോഷ്യലിസ്റ്റ് നാട്ടുകാരൊഴികെ മററാരുമല്ല. പുരോഗമനപരമായ നിയമം പാസ്സാക്കുകയും അതിന്റെ നടത്തിപ്പിന്റെ ചുമതല നിക്ഷിപ്ത താൽപ്പര്യക്കാരുടെയും ഉദ്യോഗസ്ഥമേധാവികളുടേയും കയ്യിൽ വരുകയും ചെയ്താൽ കർഷകനൊന്നും കിട്ടുകയില്ലെന്നു ലെനിൻ പറഞ്ഞിട്ടുണ്ട്. ഇതു തന്നെയാണ് ഇന്ത്യയിലും സംഭവിച്ചത്. ഇതെങ്ങിനെയുണ്ടായി? ഇതിന്റെ പ്രവർത്തനപദ്ധതിയെന്തായിരുന്നു? ചോദിച്ചാൽ ഉത്തരം എളുപ്പം നമുക്കുകിട്ടും.

ആസൂത്രണക്കമ്മീഷനും, ദേശീയവികസന കൗൺസിൽ വർഷം തോറും നടത്തുന്ന സമ്മേളനച്ചടങ്ങുകളും വഴി കേന്ദ്രഗവർമ്മെണ്ട് ചില പൊതുതത്വങ്ങൾ ആവിഷ്ക്കരിക്കുന്നു. ഭൂപരിഷ്ക്കരണം വെറുതെ കടലാസിൽ മാത്രം ഒതുങ്ങിക്കിടക്കാതെ ബോധപൂർവ്വം നടപ്പിൽ വരുത്തുന്നതിനായി സംസ്ഥാനഗവർമ്മെണ്ടുകൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നുവെന്നാണ് വെപ്പ്. പക്ഷെ, യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നത്? സംസ്ഥാന തലത്തിലെ അധികാരശക്തികളാരും മുദ്രാവാക്യം മുഴക്കുന്നതിന്റെയും മൈതാനപ്രസംഗത്തിന്റേയും നിലവിട്ടു ഉയർന്നിട്ടില്ല. ഭൂനയത്തിലെ ലക്ഷ്യത്തെത്തന്നെ അട്ടിമറിക്കുന്ന തരത്തിൽ അവർ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. ഉദാഹരണത്തിനു ഭൂപരിധിയുടെ കാര്യത്തിൽ നിയമവിരുദ്ധമായ ഇടപാടുകൾ വഴി, കൈവശത്തിലുള്ള ഭൂമി നിർബ്ബാധം മുറിച്ചുകൊടുക്കാനും, നിയമത്തെ മറികടക്കാനും, സംസ്ഥാനഗവർമ്മെണ്ടുകളുടെ മേൽ പിടിമുറുക്കിയിട്ടുള്ള ജന്മികളെ അനുവദിച്ചിരിക്കുകയാണ്. (തുടരും)

കാഴ്ചപ്പാടുകൾ

# പൊതുമേഖലയുടെ തലവന്മാർ

രാജൻ.

പൊതുവുടമയിലുള്ള ലൈഫ് ഇൻഷുറൻസ് കോർപ്പറേഷന്റെ ചെയർമാനായിരിക്കാൻ ഒരു സ്വകാര്യവ്യവസായിയെ ഇന്ത്യാഗവർമ്മെണ്ട് ക്ഷണിച്ചുവരുത്തിയിരിക്കുകയാണ്. സിൻഡിക്കേററു ബാങ്കിന്റെ ചെയർമാനായിരുന്ന ടി. എ. പൈയെ ആണ് കേന്ദ്രഗവർമ്മെണ്ട് പുതിയ നിയമനത്തിനു തെരഞ്ഞെടുത്തിട്ടുള്ളത്. ടി. എ. പൈക്കു കേന്ദ്രഗവർമ്മെണ്ട് എന്തോ ഉന്നതസ്ഥാനം നൽകുമെന്നു സംശയിക്കാൻ നേരത്തെതന്നെ വേണ്ടത്ര ന്യായങ്ങളുണ്ടായിരുന്നു.

ബാങ്ക് ദേശസാൽക്കരണത്തെ ആദ്യമേതന്നെ സ്വാഗതം ചെയ്തിട്ടുള്ളയാളാണ് ടി. എ. പൈ. സിൻഡിക്കേററു ബാങ്കിന്റെ ചെയർമാനായിരിക്കുന്ന കാലത്തും ടി. എ. പൈ 'ദേശസാൽക്കരണം നടന്നാൽ നടന്നോട്ടെ' എന്ന അഭിപ്രായക്കാരനായിരുന്നു.

എന്തായാലും സ്വകാര്യബാങ്കുകൾ വേഗം ദേശസാൽക്കരിക്കണമെന്നൊന്നും സിൻഡിക്കേററു ബാങ്കിന്റെ ചെയർമാനായിരുന്ന ടി. എ. പൈക്കു അഭിപ്രായമുണ്ടായിരിക്കുകയില്ല. ദേശസാൽക്കരിച്ചബാങ്കും ദേശസാൽക്കരിക്കാത്ത ബാങ്കും തമ്മിൽ, രാജ്യപുരോഗതിയിൽ വഹിക്കേണ്ട പങ്കിന്റെ കാര്യത്തിൽ വലിയ വ്യത്യാസമൊന്നും ഉണ്ടാകുമെന്നു അദ്ദേഹം കരുതിയിട്ടില്ല. അദ്ദേഹത്തിന്റെ സോഷ്യലിസ്റ്റ് വീക്ഷണത്തിനൊരളവുകോലായി ഈ അഭിപ്രായത്തെ കരുതാം.

## ടി. എ. പൈയുടെ സേവനം

അപ്പോൾ പിന്നെ എൽ. ഐ. സി. യുടെ ചെയർമാനായി നിയമിക്കപ്പെടുന്നതിനു ടി. എ. പൈക്കുള്ള യോഗ്യത എന്തായിരുന്നിരിക്കണം? സിൻഡിക്കേററു ബാങ്കിന്റെ ചെയർമാൻ എന്ന നിലയിൽ ആ ബാങ്കിന്റെ വളർച്ചയിൽ അദ്ദേഹം വഹിച്ച മികച്ച പങ്കാകണമതു്. ബാങ്കിന്റെ വളർച്ചയുടേയും വലുപ്പത്തിന്റെയും അളവുകോൽ നിക്ഷേപത്തുകയാണ്. സിൻഡിക്കേററ് ബാങ്കിനു കൂടുതൽ നിക്ഷേപമുണ്ടാക്കാൻ ടി. എ. പൈ തീർച്ചയായും കാര്യക്ഷമത കാണിച്ചിട്ടുണ്ട്. അമേരിക്കയിൽ പോയി ബാങ്കിങ്ങ് വ്യവസായത്തെക്കുറിച്ച് നല്ലവണ്ണം പഠിച്ചിട്ടുള്ളയാളാണ് അദ്ദേഹം. നാലണയുടെ നിക്ഷേപം കുട്ടികൾക്കുവേണ്ടി തുടങ്ങിയതും പച്ചക്കറിക്കച്ചവടത്തിനു വരുന്ന പെണ്ണുങ്ങളുടെ 'സൌകര്യ'ത്തെക്കരുതി പെണ്ണുങ്ങൾ മാത്രം ജോലിചെയ്യുന്ന ബാങ്ക് ആരംഭിച്ചതും മററും നിക്ഷേപത്തുക വർദ്ധിപ്പിക്കാൻ സിൻഡിക്കേററു ബാങ്കുകാർ കണ്ടുപിടിച്ച സൂത്രങ്ങളാണ്. ആധുനിക സ്വകാര്യമുതലാളിത്തത്തിന്റെ കാര്യക്ഷമത ടി. എ. പൈ നന്നായി പ്രകടിപ്പിച്ചിട്ടുണ്ട്.

പക്ഷെ, സോഷ്യലിസം നടപ്പാക്കിക്കൊണ്ടിരിക്കുന്നുവെന്നവകാശപ്പെടുന്ന ഒരു രാജ്യത്തെ ഏററവും വലിയ പൊതുസ്ഥാപനത്തിന്റെ തലപ്പത്തിരിക്കുന്നയാൾക്ക് ഈ യോഗ്യതകളൊന്നും പോരാ. സോഷ്യലിസം നടപ്പാക്കാനുള്ള ആവേശപൂർവ്വമായ യത്നം നടത്താൻ തയാറുണ്ടോ എന്നതാണ് മൌലികമായ ചോദ്യം. ആ ചോദ്യത്തിനു ടി. എ. പൈക്കു കിട്ടുന്ന മാർക്ക് വളരെ കുറവായിരിക്കും. അദ്ദേഹം കോൺഗ്രസ്സുകാരനായിരുന്നു. ബാങ്കുകൾ ദേശസാൽക്കരിക്കുന്നതിനു മുമ്പും പിമ്പും കോൺഗ്രസ്സുകാരനുമാണ്. (മൈസൂരിൽ നിജലിംഗപ്പാ ഗ്രൂപ്പിനെതിരായി ഒരു കോൺഗ്രസ്സുകാരനെ പിടിച്ചെടുക്കാൻ പ്രധാനമന്ത്രി എൽ. ഐ. സി. ചെയർമാൻ സ്ഥാനം ടി. എ. പൈ നൽകിയെന്ന ആക്ഷേപത്തിനിടയുണ്ട്.) എന്നാലും വലിയ സോഷ്യലിസ്റ്റ് വീക്ഷണമൊന്നും ഉള്ളതായി അറിവില്ല. കുറച്ചുകാലം എഫ്. സി. കോർപ്പറേഷന്റെ ചെയർമാൻ എന്ന നിലയ്ക്കു പ്രവർത്തിച്ചപ്പോൾ കാര്യമായ നേട്ടമൊന്നും ഉണ്ടാക്കാൻ സാധിച്ചുമില്ല.

## വീക്ഷണമില്ലായ്മ

ടി. എ. പൈയുടെ നിയമനത്തിന്റെ പിന്നിൽ യഥാർത്ഥത്തിലുള്ളതു് കേന്ദ്രഗവർമ്മെണ്ടിന്റെ സോഷ്യലിസ്റ്റ് ബോധത്തിന്റെ കുറവാണ്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ കീഴിലുണ്ടായിരുന്നവരും സാമ്രാജ്യത്വത്തിന്റെ സേവകരുമായിരുന്നവരെ ഭരണരംഗത്തെ വിദഗ്ദ്ധരായി കരുതുന്നതുപോലെതന്നെ മുതലാളിത്തവ്യവസ്ഥയുടെ സേവകരെ സാമ്പത്തികരംഗത്തെ വിദഗ്ദ്ധരായി ഇവിടെ കരുതപ്പെടുന്നു. എത്ര നല്ല നിയമനിർമ്മാണവും അതു നടപ്പാക്കുന്നവരെ ആശ്രയിച്ചു മാത്രമേ വിജയിക്കുകയുള്ളുവെന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ല. ഇന്ത്യയിൽ തന്നെ അതിനു ഏററവും വലിയ ഉദാഹരണം ഭൂപരിഷ്ക്കരണനിയമങ്ങളും സ്വർണ്ണനിയന്ത്രണച്ചട്ടങ്ങളുമാണ്. മൊറാർജിദേശായ് ധനകാര്യമന്ത്രിയായിരിക്കെ കൊണ്ടുവന്ന സ്വർണ്ണനിയന്ത്രണച്ചട്ടങ്ങളെ സോഷ്യലിസ്റ്റുകാരെന്നു അവകാശപ്പെടുന്നവരും ജനസംഘക്കാരും സ്വതന്ത്രാപാർട്ടിക്കാരുമെല്ലാം ഏകസ്വരത്തിൽ എതിർത്തു. ആശയങ്ങളേയും രാജ്യപുരോഗതിയേയുംകാൾ വ്യക്തികൾക്കു മുൻഗണന നൽകുന്നവർ മൊറാർജിക്കെതിരായി ഒന്നാംതരം ആയുധമാക്കി സ്വർണ്ണനിയന്ത്രണച്ചട്ടത്തെ ഉപയോഗിച്ചു. ഒന്നിനും ഒരുറപ്പും പ്രകടിപ്പിക്കാത്ത ജവഹർലാൽ നെഹ്രു സ്വർണ്ണനിയന്ത്രണച്ചട്ടങ്ങളിൽ അയവു വരുത്താനാരംഭിച്ചു. ടി. ടി. കൃഷ്ണമാചാരി ആ ചട്ടങ്ങളെ കൊന്നു കുഴിച്ചുമൂടുകയും ചെയ്തു.

## സ്വർണ്ണനിയന്ത്രണച്ചട്ടങ്ങളുടെ ഗതി

യഥാർത്ഥത്തിൽ സോഷ്യലിസത്തിലേക്കടുപ്പിക്കുന്ന ഒരു നിയമനിർമ്മാണമാ

യിരുന്ന സ്വർണ്ണനിയന്ത്രണച്ചട്ടങ്ങൾ. പക്ഷെ അതു് നടപ്പിലാക്കേണ്ടവരുടെ വീക്ഷണമില്ലായ്മ കാരണം അതു് നടപ്പിലായില്ല. ഈ ഗതിതന്നെയാണ് പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. വ്യവസായങ്ങൾ ദേശസാൽക്കരിക്കുന്നതിനു എന്തെങ്കിലും ചില ലക്ഷ്യങ്ങളും ഉദ്ദേശങ്ങളുമൊക്കെയുണ്ടെന്നും ആ ലക്ഷ്യങ്ങളും ഉദ്ദേശങ്ങളും പ്രാവർത്തികമാക്കുന്നതിൽ ആത്മാർത്ഥതയുള്ളവരെ മാത്രമേ തലപ്പത്തുവരാൻ അനുവദിക്കാവൂവെന്നും ഓർക്കാറില്ല. സ്വകാര്യവ്യവസായ രംഗത്തു് മത്സരിച്ചു മുന്നേറുന്നതാണ് പൊതുമേഖലയിലും യോഗ്യതയായി കണക്കാക്കപ്പെടുന്നതു്. ഉദാഹരണങ്ങൾ ഏറെയുണ്ട്. ഇന്ത്യൻ എയർ ലൈൻസ് കോർപ്പറേഷന്റെ ചെയർമാനായി ഡൽഹി ക്ലോത്തു് മിൽസിന്റെ ഉടമസ്ഥൻ, ഭരത്റാം ആണ് നിയമിതനായിരുന്നതു്. എയർ ഇന്ത്യയുടെ ചെയർമാൻ ഇപ്പോഴും ജെ. ആർ. ഡി. ടാററായാണ്.

സ്വകാര്യമേഖലയ്ക്കും പൊതുമേഖലയ്ക്കും സ്ഥാനം നൽകുന്ന മിശ്രസമ്പദ് വ്യവസ്ഥയാണ് ഇന്ത്യയുടേതെന്നും അതുകൊണ്ട് സ്വകാര്യവ്യവസായികളുടെ സേവനം ഉപയോഗപ്പെടുത്തണമെന്നും വാദിച്ചുകേൾക്കുന്നുണ്ട്. ഇന്ത്യൻ എയർ ലൈൻസ്, റെയിൽവേ, ലൈഫ് ഇൻഷ്വറൻസ് എന്നിവ ഗവർമെണ്ടിന്റെ മാത്രം ഉടമസ്ഥതയിലുള്ളതാണ്. അവയോട് ആ രംഗത്തു് മററാരും മത്സരിക്കുന്നില്ല. മത്സരാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യവ്യവസായ വിദഗ്ധരുടെ ആവശ്യം ആ രംഗത്തു തീരെയില്ല. ബസ്സ് സർവ്വീസും ഹോട്ടലും മററും ഇവിടെ പൊതുമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ നിലയിൽ കേരളത്തിലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ചുമതല ഏതെങ്കിലും സ്വകാര്യ ബസ്സുടമയെ ഏൽപ്പിച്ചുകൊടുക്കണമെന്ന് നമ്മുടെ സോഷ്യലിസ്റ്റുകാർ വാദിച്ചു കൂടായ്കയില്ല. അതേപോലെ തന്നെ അശോകഹോട്ടലിന്റെ നടത്തിപ്പ് 'ഒബറോയ്'ക്കു കോൺട്രാക്ട് കൊടുക്കണമെന്നും ആവശ്യപ്പെട്ടേക്കാം.

സ്വകാര്യമേഖലയുടെ മികച്ച കഴിവുകളെ പുകഴ്ത്തുന്നവർ ഒരു കാര്യം ആലോചിക്കാറില്ല. നഷ്ടത്തിലാവുന്ന സ്വകാര്യ സ്ഥാപനങ്ങൾ ഏറെറടുത്തു നടത്താൻ ഗവർമ്മെണ്ടിനോട് നിവേദനം നടത്തുന്നതിനു നിരവധി ഉദാഹരണങ്ങൾ ഇവിടെയുണ്ട്. ഏററവും അടുത്തുണ്ടായ സംഭവം തുണിമില്ലുകൾ ഏറെറടുക്കണമെന്ന മുറവിളിയാണ്. 'രോഗബാധിതമില്ലുകൾ' എന്നു വിളിക്കപ്പെട്ട ഈ മില്ലുകൾ മുതലാളിമാരുടെ പിടിപ്പുകേടു കൊണ്ടാണ് നഷ്ടത്തിലായതെന്നു ആരും പറഞ്ഞുകേട്ടില്ല. അതോ, നഷ്ടത്തിലാകുന്നതുവരെ സ്വകാര്യമുതലാളിമാരെ എന്തും ചെയ്യാൻ അനുവദിക്കുന്നതും നഷ്ടംവരുമ്പോൾ ഗവർമ്മെണ്ട് ഏറെറടുത്തു് നടത്തുന്നതുമാണ് ചെയ്യലാണ് സോഷ്യലിസമെന്നു ഇവർ കരുതുന്നുണ്ടോ?

## സ്വകാര്യവ്യവസായിയുടെ ഉപകരണം

ഫലത്തിൽ ഇവിടെ നടക്കുന്നതു് സ്വകാര്യമേഖലയ്ക്ക് സഹായിക്കുന്നതിനുള്ള പൊതുമേഖലാ നടത്തിപ്പാണ്. പൊതുമേഖലാസ്ഥാപനങ്ങൾ നഷ്ടത്തിലാവുന്നതിൽ അത്ഭുതമുണ്ടോ? ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസ് സ്ഥാപനങ്ങളുടെ കാര്യം നോക്കൂ. രാഷ്ട്രപതി സ്ഥാനമാനങ്ങൾ നൽകി ബഹുമാനിച്ചയാളാണ് എച്ച്. എം. ടി. യുടെ തലവനായിരുന്ന മാത്തുള്ള. ജവഹർലാൽ നെഹ്രു മാത്തുള്ളായെ പലതവണ പരസ്യമായി പ്രശംസിച്ചിട്ടുണ്ട്. ഒടുവിൽ മാത്തുള്ളായുടെ മികച്ച സേവനത്തിന്റെ ലക്ഷണം പ്രകടമായി. എച്ച്. എം. ടിയിലിരുന്നുകൊണ്ട് അദ്ദേഹം തൊട്ടടുത്തു സ്വന്തമായ ഒരു വ്യവസായശാല പണിതുയർത്തി. കാര്യം നടന്നു കഴിഞ്ഞപ്പോൾ എച്ച്. എം. ടി. യെ അതിന്റെ പാട്ടിനു വിട്ടുപോകുകയും ചെയ്തു.

പൊതുമേഖലാസ്ഥാപനങ്ങളുടെ തലപ്പത്തു് നിയമിതരാവുന്നവരുടെ നോട്ടം എന്താണെന്നു് ഈ സംഗതിയിൽ നിന്നു വ്യക്തമാകും. സ്വകാര്യമേഖലയുമായി ബാന്ധവം നടത്താൻ കാത്തിരിക്കുന്നവരാണവർ. മുതലാളിമാരാണെങ്കിൽ പൊതുമേഖലക്കാരെ കുടുക്കാൻ വലവെച്ചു ഇരിക്കുകയുമാണ്. പൊതുമേഖലയുടെ തലപ്പത്തു വരുന്ന ഐ. എ. എസ്സ് കാരൻ ചെറുപ്പക്കാരനാണെങ്കിൽ മകളെ വിവാഹം കഴിച്ചുകൊടുത്തോ മററു ഏതെങ്കിലുംതരത്തിലോ അയാളെ തങ്ങളുടെ വർഗ്ഗത്തിലേക്കു സ്വകാര്യമുതലാളി റിക്രൂട്ട് ചെയ്യും. അതല്ലെങ്കിൽ റിട്ടയർ ചെയ്യുമ്പോഴേക്കും തന്റെ കമ്പനിയിലെ ഒരു ഡയറക്റ്ററായി സ്ഥാനം ഉറപ്പുകൊടുക്കും.

ഇന്ത്യയിൽ ഇത്തരക്കാരുടെ ശൃംഖല പടർന്നു പിടിച്ചിരിക്കുകയാണ്. ഇന്ത്യാ ഗവർമ്മെണ്ടിന്റെ ധനകാര്യവകുപ്പിൽ സെക്രട്ടറിയായിരുന്ന കെ. ആർ. കെ. മേനോൻ റിട്ടയർ ചെയ്തവഴി ടാററാകമ്പനിയുടെ ഒരു ഡയറക്ടറായി മാറുകയാണ്. റിസർവ്വ് ബാങ്കിന്റെ ഗവർണ്ണറായിരുന്ന എച്ച് വി ആർ അയ്യങ്കാരുടെ സ്ഥിതിയും ഇതുതന്നെ. ബാങ്ക് ദേശസാൽക്കരണത്തിനു ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന്റെ തലേദിവസം പോലും അയ്യങ്കാർ ആ നടപടിയെ എതിർത്തുകൊണ്ടു ലേഖനമെഴുതിയ ആളാണ്. ഗവർമ്മെണ്ടിന്റെ റിസർവ്വ് ബാങ്ക് നടത്തുന്നയാൾ പൊതുവുടമയിൽ ബാങ്കുകളെ കൊണ്ടുവരുന്നതിനോട് എതിർപ്പുള്ളയാളായിരുന്നെല്ലിൽ പിന്നെ അദ്ദേഹം റിസർവ്വ് ബാങ്ക് ഗവർണ്ണറായിരിക്കുമ്പോൾ സ്വകാര്യബാങ്കുകളുടെ മേൽ ഏതു തരത്തിലുള്ള നിയന്ത്രണമാണ് ഏർപ്പെടുത്തിയിട്ടുണ്ടാകുക എന്നു ഊഹിക്കാവുന്നതേയുള്ളൂ.

## സ്വകാര്യമുതലാളിത്വം പിടിമുറുക്കുന്നു

മിശ്രിതസമ്പദ് വ്യവസ്ഥയെന്നയാവരണത്തിനു പിന്നിൽ സ്വകാര്യമുതലാളിത്തത്തിന്റെ പിടിമുറുകിക്കൊണ്ടിരിക്കുകയാണ് ഈ രാജ്യത്തു്. പൊതുമേഖലാസ്ഥാപനങ്ങളുടെ തലപ്പത്തു് വരുന്നവർ സ്വകാര്യവ്യവസായികളുമായി മത്സരിച്ചു് വിജയിക്കുന്നെ രംഗങ്ങളില്ലാതില്ല. വിദേശപര്യടനങ്ങളുടെ എണ്ണത്തിലും ഓഫീസുമുറികളും മററും ആഡംബരത്തോടെ അലങ്കരിക്കുന്നതിലും സ്വകാര്യമുതലാളിയെ കടത്തിവെട്ടാൻ നമ്മുടെ ഐ. എ. എസ് മാനേജർമാർക്കു് നിഷ്പ്രയാസം സാധിക്കുന്നുണ്ടെന്നു പറഞ്ഞേ തീരൂ. ഭാവനാശാലികളായ കുത്തക മുതലാളിമാർ ഈയിടെയായി ദീർഘദൃഷ്ടിയോടുകൂടി പട്ടാളമേധാവികളേയും തങ്ങളുടെ സാമ്രാജ്യത്തിൽ സാമന്തരന്മാരായി വാഴിച്ചുതുടങ്ങിയിട്ടുണ്ട്. റിട്ടയർ ചെയ്യുന്ന മേജർ ജനറൽമാരേയും മററും സ്വകാര്യ വ്യവസായങ്ങളുടെ തലപ്പത്തു് സ്ഥാനം നൽകിയിരുത്തുന്നതു് സൈനിക–രാഷ്ട്രീയ–മുതലാളിത്വ കൂട്ടുകെട്ടിന്റെ അ

ടിത്തറയിടലല്ലാതെ മററൊന്നുമല്ലാ. നാളെ കോടിക്കണക്കിനു രൂപായുടെ സൈനിക സാമഗ്രികൾ നിർമ്മിച്ച് 'രാജ്യരക്ഷയെ കച്ചവടം ചെയ്യാൻ സ്വകാര്യമുതലാളിത്തം കോപ്പു കൂട്ടിത്തുടങ്ങിക്കഴിഞ്ഞു.

## അവരുടെ കൂറ്

റിട്ടയർ ചെയ്യുന്ന സൈനിക മേധാവികളുടേയും ഉന്നതോദ്യോഗസ്ഥന്മാരുടേയും അഭയസ്ഥാനം നോക്കിയാൽമതി. അവരുടെ കൂറ് എവിടെയാണെന്നു കാണാൻ എത്ര അനുഭവമുണ്ടായാലും പഠിക്കാൻ കൂട്ടാക്കാതിരിക്കുകയാണോ ഇന്ത്യാ ഗവർമ്മെണ്ട്? അതോ, സോഷ്യലിസവും ദേശസാൽക്കരണവുമെല്ലാം കേന്ദ്രഗവർമ്മെണ്ടിലുള്ളവർക്ക് ആളുകളെ കബളിപ്പിക്കാനുള്ള കപടനാട്യം മാത്രമാണോ? യഥാർത്ഥത്തിൽ സോഷ്യലിസം കൈവരുത്തണമെന്നാഗ്രഹിക്കുന്ന ഗവർമ്മെണ്ട് അതിനുപററിയതരം മാനേജർമാരെ വാർത്തെടുക്കാൻ ഇനി ഒട്ടും വൈകിച്ചുകൂടാ. ഏററവും ആദ്യമായി അവർക്കു നൽകേണ്ട പരിശീലനം കായികമായ അദ്ധ്വാനത്തിലും സോഷ്യലിസ്ററ് വീക്ഷണമുണ്ടാക്കുന്നതിലുമാണ്. അങ്ങിനേയുള്ളവർ വേണ്ടത്രയുണ്ടാകുന്നതുവരെ രാഷ്ട്രീയപ്രവർത്തകരെ പൊതുകോർപ്പറേഷനുകളുടെ തലപ്പത്തുകൊണ്ടുവരുന്നതു തന്നെയാണ് തമ്മിൽ ഭേദമായ കാര്യം. തിരിച്ചുചെല്ലുമ്പോഴേക്കും സ്വകാര്യമേഖലയിൽ സ്ഥാനം റിസർവ്വു ചെയ്തുവെച്ച് പൊതുമേഖലയെ രക്ഷിക്കാൻ വരുന്നവരേക്കാൾ എന്തുകൊണ്ടും യോഗ്യരായവർ എപ്പോഴും ജനങ്ങളുടെ ശ്രദ്ധയിൽ നിൽക്കേണ്ടുന്ന രാഷ്ട്രീയപ്രവർത്തകർ തന്നെയായിരിക്കും.

00000

# ഇന്ത്യ—കുഷ്‌വന്ത്‌സിംഗ്

## ഐ. ബി. എച്ച് പബ്ളിഷിംഗ് കമ്പനി, ബോംബെ. വില 4 ക.

പതിനഞ്ചു് ലേഖനങ്ങളുടെ സമാഹൃതപ്രസിദ്ധീകരണമാണ് കുഷ്‌വന്ത്‌സിംഗിന്റെ ഇന്ത്യാ. ഇവയിൽ പലതും വിദേശപത്രങ്ങൾക്കു വേണ്ടി എഴുതിയവയാണ്. ഇക്കാരണം കൊണ്ടുതന്നെയാവാം ഇതിലെ ലേഖനങ്ങളിലെല്ലാം ഭാരതീയർക്കും ഭാരതീയതക്കും എതിരായി ഒട്ടനവധി കാര്യങ്ങൾ എഴുതിപ്പിടിപ്പിച്ചിരിക്കുന്നതു്. ഇന്ത്യാക്കാരായ ഇംഗ്ലീഷ് എഴുത്തുകാർക്കെല്ലാമുള്ള രോഗമാണ് സിംഗിന്റേതു്. ഭാരതത്തിലെ ജനങ്ങളേയും സഹോദരങ്ങളേയും ഒരു നിരീക്ഷകന്റെ നിർവ്വികാരതയോടെ നോക്കിക്കാണുകയും വിമർശിക്കുകയും ചെയ്യുന്നതു് മനസ്സിലാക്കാം. പക്ഷെ, ഒരു ദേശീയവിനോദസഞ്ചാരിയെപ്പോലെ ഇന്ത്യയെ നോക്കിക്കാണുകയും ചെയ്യുന്ന രീതി നിരുത്സാഹപ്പെടുത്തേണ്ടതു തന്നെയാണ്.

'ഇന്ത്യയെ കണ്ടെത്തിയ മഹാൻ' ഇക്കാര്യത്തിൽ വിഭിന്നനായിരുന്നില്ല. വിദേശചരിത്രകാരന്മാരുടേയും വിദേശികളുടേയും കണ്ണുകളിലൂടെയാണ് അദ്ദേഹം ഇന്ത്യയെ കണ്ടെത്തിയതു്. വിദേശിയുടെ വിലയിരുത്തലിൽ ആത്മബോധത്തിന്റേയും ആത്മദർശനത്തിന്റേയും അംശമില്ല. അക്കാരണം കൊണ്ടുതന്നെ ആ വിലയിരുത്തൽ അപൂർണ്ണവും കൃത്രിമവും ഉപരിപ്ലവവുമായിരിക്കും. ചമൽക്കാരപൂർണ്ണമായ പ്രതിപാദനരീതിക്കപ്പുറം ജവഹർലാലിന്റെ ഇന്ത്യയെ കണ്ടെത്തൽ പുതുമയൊന്നുമില്ലാതെ പോയതിനു കാരണമിതാണ്. ജവഹർലാലിന്റെ ഈ ന്യൂനത പിന്നീടുള്ള ഇന്ത്യാക്കാരായ എല്ലാ ഇംഗ്ലീഷ് എഴുത്തുകാരും ബോധപൂർവ്വം എന്നു സംശയിക്കത്തക്കരീതിയിൽ അനുകരിച്ചു വരുകയാണ്. ഇന്ത്യൻ ദേശീയതയോടും സംസ്കാരത്തോടും വൈകാരികമായ അടുപ്പമില്ലാതെ പോയതും വിദേശസംസ്കാരത്തിന്റെ അടിമകളായതുകൊണ്ടുമാണ് ഇങ്ങനെ സംഭവിക്കുന്നതു്.

## പേരിന്റെ അസാംഗത്യം

ഇന്ത്യാ എന്ന പേരും ഈ പുസ്തകത്തിന്റെ ഉള്ളടക്കവും തമ്മിൽ പ്രകടമായ ബന്ധമൊന്നും കണ്ടില്ല. വിദേശവിപണികളിൽ വിററഴിയുന്നതിനു് ഈ പേർ എന്തുമാത്രം സഹായകമാണ് എന്നുമറിയില്ല. കൃഷ്ണമേനോനൊന്നിച്ചുള്ള എന്റെ ദിവസങ്ങൾ, ഒരു ഭാരതീയ ഗ്രാമം, ഒരു ഭാരതീയ ചിത്രം—ബീഹാർ ഭാരതീയ സ്ത്രീകൾ, ഹിന്ദുക്കളും മുസ്ലീങ്ങളും അന്യോന്യം വെറുപ്പു പറയുന്നതെന്തിനു്, യോഗികളുടെ നാട്ടിൽ ദുർദ്ദിനം—ജ്യോതിഷം ആധുനികഇന്ത്യയിൽ ദിവ്യത്വം, ഗോമാതാവും, മദ്യം ഇനി വേണ്ട, സിക്ക്, ഡിംഗ്, സർദാർജി, കിപ്ലിംഗും ആധുനികഇന്ത്യയും, നിറാദ് ഡിചൗധരി, ലോകമുത്തുച്ചിപ്പിയിലെ പൗരസ്ത്യമുത്തു് എന്നിങ്ങനെ പതിനഞ്ചു് ലേഖനങ്ങളാണുള്ളതു്.

## അനർഹരുടെ അഹന്ത

ഇന്ത്യാക്കാരുടെ ഇംഗ്ലീഷ് സാഹചര്യത്തിൽ ഓർമ്മക്കുറിപ്പുകളുടെ കാലമാണിതു്. ഗ്രന്ഥകാരൻ ഉയർന്ന ഔദ്യോഗിക ജീവിതം നയിച്ച ആളാണെങ്കിൽ തന്റെ ഔദ്യോഗികജീവിതം പുസ്തകമായി പ്രസിദ്ധീകരിക്കുകതന്നെ ചെയ്യുമെന്നായിരിക്കുന്നു. വർഗ്ഗീയമായ അവകാശവാദങ്ങൾ ഉന്നയിച്ചും രാഷ്ട്രീയനേതാ

## വി. രമചന്ദ്രൻ

ക്കളുടെ പാദസേവ ചെയ്തും അനർഹരായ ആളുകൾ തന്ത്രപ്രധാനമായ ഔദ്യോഗിക പദവികളിലെത്തുന്നതിന്റെ ഫലമാണ് ഈ ദുരന്തം. പറയപ്പെട്ടതും എഴുതപ്പെടുന്നതും സത്യമാണെങ്കിൽകൊള്ളാം. ഒരു ജനാധിപത്യകാലത്തു സത്യം ജനങ്ങളറിയുന്നതിൽ അപാകതയൊന്നുമില്ല. പക്ഷെ അർദ്ധസത്യങ്ങളും അസത്യങ്ങളും നിറഞ്ഞ പ്രസ്താവനകളുൾക്കൊള്ളുന്ന 'റിട്ടയേഡ്' ഉദ്യോഗസ്ഥന്മാരുടെ' സാഹിത്യശ്രമങ്ങൾ തടയപ്പെടേണ്ടതു തന്നെയാണ്. പട്ടാള ഉദ്യോഗസ്ഥന്മാരുടേയും ഐ. സി എസ്സുകാരുടേയും 'പെൻഷൻസുവനീറുകൾക്കു' ദേശീയപത്രങ്ങളും മററു പ്രചരണോപാധികളും നൽകുന്ന വമ്പിച്ച പ്രാധാന്യമാണ് ആരേയും അത്ഭുതപ്പെടുത്തുക.

വിദേശസഞ്ചാരക്കുറിപ്പുകളെഴുതി പ്രസിദ്ധീകരിച്ചു് വായനക്കാരുടെ ജിജ്ഞാസ ചൂഷണം ചെയ്തു് സ്വന്തം മടിശ്ശീല വീർപ്പിക്കുന്ന ധാരാളം സഞ്ചാരസാഹിത്യകാരന്മാരെ നമുക്കറിയാം. സഞ്ചാരസാഹിത്യമെന്നപേരിൽ ഇവർ പടച്ചുവിടുന്ന ക്ഷുദ്രകൃതികളിലെല്ലാം തന്നെ വിദേശികൾക്കു പ്രശംസയും ഭാരതീയർക്കു പരിഹാസവുമാണ് കാണുക. രാജ്യ

ത്തിന്റെ അതിർത്തിക്കപ്പുറം കാൽകുത്തുന്നവരൊക്കെ സഞ്ചാരസ്മരണകളെഴുതുന്നു. വിദേശത്തു പോകുന്ന ജഡ്ജിക്കും ഡോക്ടർക്കുമെഴുതാനുള്ളതു് പുറംനാടുകളിലെ നാടോടിനൃത്തത്തെപ്പററിയും ചിത്രമെഴുത്തിനെപ്പററിയുമൊക്കെക്കുറിച്ചായിരിക്കും. താന്താങ്ങൾക്കു് ഏകദേശഗ്രാഹ്യംപോലുമില്ലാത്ത വിഷയങ്ങളെക്കുറിച്ചെഴുതുന്നതു് എന്തുമാത്രം വിരസവും വിജ്ഞാനശുഷ്ക്കവുമായിരിക്കുമെന്നു് ആലോചിച്ചുനോക്കാൻ ഇക്കൂട്ടർ മെനക്കെടാറില്ല. അന്തർദ്ദേശീയ ധാരണയുടെ അക്കാദമി അവാർഡുവരെ ഇവർ പിടിച്ചുപററിയെന്നു വരും.

പെൻഷൻ സുവനീർ സാഹിത്യകാരന്മാരും സഞ്ചാരസാഹിത്യകാരന്മാരുമെല്ലാം, ഏറിയ പങ്കും വിദേശ മേൽക്കോയ്മക്കു് ദാസ്യവൃത്തിചെയ്തവരും തങ്ങളുടെ ഉപജീവനത്തിന്റെ ഭാഗമായി ഇന്ത്യാക്കാരേയും ഇന്ത്യൻ സംസ്ക്കാരത്തേയും വെറുക്കാൻ പഠിച്ചവരാണ്. വിദേശക്കോയ്മ അവസാനിച്ചിട്ടും വിദേശികളോടും വിദേശീയതയോടും കൂറുപുലർത്തുന്നതവർ നിർബാധം തുടരുന്നു. ബ്യൂറോക്രസിയുടെ പ്രവാചകരിൽ നിന്നു് ദേശീയതയും ദേശസ്നേഹവും പ്രതീക്ഷിക്കുന്നതിൽ അർത്ഥമില്ലല്ലോ. ന്യൂനതകളും കോട്ടങ്ങളും വിമർശന വിധേയമാക്കുന്നതു നല്ലതുതന്നെ. പക്ഷെ ഒരു വിദേശിയുടെ പുച്ഛരസവും അൽപ്പരസവും ഇന്ത്യാക്കാർക്കു ചേർന്നതല്ല. ഇന്ത്യയിൽ ജനിച്ചു, ഇന്ത്യയിൽ ജീവിക്കുന്ന ഇന്ത്യൻ ഭരണകൂടത്തിന്റെ ഔദാര്യവും അനുഗ്രഹവുമാർജ്ജിച്ചു് പദവികൾ നേടിയ ഉദ്യോഗസ്ഥന്മാർ റിട്ടയർ ചെയ്യുമ്പോൾ പുറത്തുവിടുന്ന ഔദ്യോഗികരഹസ്യങ്ങളുടെ വിപണനം നിരോധിക്കപ്പെടുകതന്നെ വേണം.

## കുഷ്വന്ത്സിംഗിന്റെ വക

മുൽക്ക്രാജ് ആനന്ദ്, കെ. എ. അബ്ബാസ്, നിരാദ് സി. ചൗധരി, ഫ്രാങ്ക് മൊറെയ്ഡ് തുടങ്ങി ഒട്ടനവധി ഇന്ത്യൻ ധ്വരമാർ ഇംഗ്ലീഷിൽ നോവലുകളും ലേഖനങ്ങളുമെഴുതാറുണ്ടു്. പലരുടെ ദൃഷ്ടിയിലും ഇവർ ബുദ്ധിജീവികളാണ്. ബുദ്ധിജീവി എന്ന പ്രശംസ നിയതമായ മാനദണ്ഡങ്ങളുടെ പരിധിക്കപ്പുറമായതു് മഹാഭാഗ്യം തന്നെ.

സിക്കുമത ചരിത്രകാരനെന്ന നിലയിലും ട്രെയിൻടു പാക്കിസ്ഥാൻ എന്ന നോവലിന്റെ രചയിതാവെന്ന നിലയിലുമാണ് കുഷ്വന്ത്സിംഗ് അറിയപ്പെട്ടു തുടങ്ങിയതു്. ഇപ്പോൾ ഇല്ലസ്ട്രേററഡ് വീക്കിലിയുടെ പത്രാധിപരായി ജോലിനോക്കുന്ന കുഷ്വന്ത്സിംഗ് നയതന്ത്രകാര്യാലയത്തിലെ ഉദ്യോഗസ്ഥൻ അഭിഭാഷകൻ പത്രപ്രവർത്തകൻ എന്നീ നിലകളിലെല്ലാം പ്രവർത്തിച്ചിട്ടുണ്ടു്.

വി. കെ. കൃഷ്ണമേനോൻ ഇംഗ്ലണ്ടിലെ ഇന്ത്യൻ ഹൈക്കമ്മീഷണറായിരുന്നപ്പോൾ കുഷ്വന്ത്സിംഗ് നയതന്ത്ര കാര്യാലയത്തിലെ പബ്ളിക് റിലേഷൻസ് ഓഫീസറായി പ്രവർത്തിച്ചിട്ടുണ്ടു്. കൃഷ്ണമേനോനെ വിമർശിയ്ക്കാനാണ് ഈ ലേഖന സമാഹാരത്തിലെ ഏററവും ദൈർഘ്യമുള്ള ലേഖനങ്ങളിലൊന്നായ "മൈ ഡെയ്സ് വിത്ത് കൃഷ്ണമേനോൻ എന്ന ആദ്യലേഖനം നീക്കിവെച്ചിട്ടുള്ളതു്. പെൻഷൻ സ്മരണ എഴുത്തുകാരുടെ രീതിയാണ് അദ്ദേഹം ഇതിൽ കർശനമായി ദീക്ഷിച്ചിട്ടുള്ളതു്. പരിചിതരും അപരിചിതരുമായി മേനോൻ പെരുമാറുന്ന രീതി, ഇങ്ങിനെ പലതുമാണിതിലെ പ്രതിപാദന വിഷയങ്ങൾ. കാശ്മീർ പ്രശ്നത്തെക്കുറിച്ചു് കുഷ്വന്ത്സിംഗിന്റെ (പി. ആർ. ഓ) പേരിൽ മേനോൻ പ്രസ്സ് റിലീസുകൾ ഇറക്കിയപ്പോൾ സിംഗ് ക്ഷോഭിച്ചു വശായതും രാജി സമർപ്പിക്കുന്നതും രാജി പിൻവലിക്കാൻ നിർബന്ധിച്ച മേനോന്റെ മുഖത്തടിച്ചതുപോലെ "നിങ്ങൾക്കു് സുഹൃത്തുക്കൾ ആരുമില്ല.' എന്നു് പറഞ്ഞു് ഇറങ്ങിപ്പോരുന്നതും വരെ ലേഖനം നീളുന്നു.

പിന്നീടുള്ള ലേഖനങ്ങളിൽ മിക്കതും ഇന്ത്യാഗവണ്മെൻറിനേയും ഇന്ത്യൻ ജനതയേയും വിമർശിയ്ക്കുന്നവയാണ്. സിക്കു് സിംഗ്, സർദാജി എന്ന ലേഖനം ശ്രദ്ധേയമാണ്. ലേഖകൻ വസ്ത്രധാരണ രീതിയിൽ ദീക്ഷിക്കുന്ന മത മനോഭാവം (താൻ ആഗ്ലേയവൽക്കരിക്കപ്പെട്ട ഇന്ത്യക്കാരനാണെന്നു് അഭിമാനപൂർവ്വം പറയുന്നുണ്ടു്. സിംഗ് ഇതേ ലേഖനത്തിൽ തന്നെ) വീക്ഷണത്തിലും വച്ചുപുലർത്തുന്നുണ്ടെന്നു് ഈ ലേഖനം വെളിവാക്കുന്നു. സിക്കുകാരുടെ വീരപരാക്രമങ്ങളുടെ മാത്രം വിലയാണ് പാക്കിസ്ഥാനെതിരെ 1965-ൽ ഇന്ത്യ നേടിയ സൈനിക വിജയം എന്നദ്ദേഹം പറയുന്നു. 'ചൈനയിൽനിന്നുണ്ടായ അനുഭവത്തിനു ശേഷവും പാക്കിസ്ഥാനുമായുള്ള മൽസരം നിലനിൽക്കുകയും ചെയ്യുന്ന ഈ അവസരത്തിൽ ഇന്ത്യാ ഗവണ്മെൻറിനു് സിക്കുകാരെ വെറുപ്പിക്കുക സാദ്ധ്യമല്ല. ആഞ്ഞടിക്കേണ്ട സമയം ഇതാണ്. ഒരു കല്ലുകൊണ്ടു് രണ്ടു് പക്ഷികളെ കൊല്ലുക എന്നു് ഇംഗ്ലീഷുകാർ പറയും പോലെ'' (പേജ്-138) എന്ന താരാസിംഗിന്റെ സിക്കിസ്ഥാൻ വാദത്തോടുള്ള സമീപനത്തെ അനുഭാവപൂർവ്വം അംഗീകരിക്കുകയും താരാസിംഗിനു വേണ്ടി ഒരു ദൗത്യവുമായി ഫത്തേസിംഗിനെ കാണാൻ പോവുകയും ചെയ്തതു് ലേഖകൻ അനുസ്മരിക്കുന്നു.

1931-ൽ തീവ്രവാദികളായ സ്വാതന്ത്ര്യസമര പ്രവത്തകർ ലോഡ് ഇർവിനു നേരെ ബോംബെറിഞ്ഞതിനെ നിന്ദാപൂർവ്വം ഓർക്കുകയും വൈസറായി രക്ഷപ്പെട്ടതിൽ സന്തോഷിക്കുകയുംചെയ്യുന്നു. പ്രക്ഷുബ്ധമായ ഈ സംഭവത്തിനു ശേഷവും പതറാതെ ചടങ്ങു മുഴപ്പിച്ച ബ്രിട്ടീഷ് ധീരതയെഭക്തിപുരസ്സരംനോക്കിക്കാണുകയാണ് ലേഖകൻ. (റൊമാൻസ് ഓഫ് ന്യൂ ഡൽഹി -പേജ് 202). ദേശീയ വീക്ഷണത്തിന്റെ അഭാവം. ഈ ലേഖനങ്ങളെ അപ്പാടെ ചൈതന്യമില്ലാത്തതാക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ വായിച്ചോർമ്മിക്കത്തക്കതായ വിലപെട്ട ഒന്നും ഇതിലില്ലാ. ഒരുപക്ഷെ സയൻസ്ക്ലബ്ബുകളിലും റോട്ടറി ക്ലബ്ബുകളിലും സായാഹ്നങ്ങളിൽ ഒന്നിച്ചു കൂടിയിരുന്നു് ഉച്ചത്തിൽ സംസാരിക്കുകയും പൊള്ളച്ചിരി ചിരിക്കുകയും ചെയ്യുന്ന ഇന്ത്യൻ സംസ്ക്കാരത്തേയും ജീവിത രീതിയേയും പുച്ഛിക്കുന്ന ആതുര സേവകരും, എൻജിനീയർമാരും കോൺട്രാക്ടർമാരും ഉദ്യോഗസ്ഥന്മാരും. കച്ചവടക്കാരുമായ നാടൻ ധ്വരമാർക്കു് സുഖിക്കുന്ന പലതും ഇതിൽ കണ്ടെന്നു വരും.

നമ്മുടെ പൊതുവായ സാംസ്ക്കാരിക ജീവിത രീതികളുമായി ഇഴുകിച്ചേരാതെ ദേശീയത്വത്തിനെതിരെ പുറം തിരിഞ്ഞു നിൽക്കുന്ന "ഇന്ത്യാക്കാരായ വിദേശികളിൽ'' ഒരാൾ മാത്രമാണല്ലൊ കുഷ്വന്ത് സിംഗും. സാമാന്യ ജനങ്ങളുടെ സജീവ ശ്രദ്ധ ആകർഷിക്കുന്നതോ അർഹിക്കുന്നതോ ആയ കാര്യങ്ങളൊന്നും കുഷ്വന്ത് സിംഗിനു പറയാനില്ല.

## ലേഖകന്മാരുടെ ശ്രദ്ധയ്ക്കു്

'നിർണ്ണയം' വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങൾ പത്രാധിപർ 'നിർണ്ണയം' കോൺവെൻറ് റോഡ് എറണാകുളം എന്ന മേൽവിലാസത്തിൽ അയക്കണം. പ്രസിദ്ധീകരിക്കാത്ത ലേഖനങ്ങൾ തിരിച്ചയക്കണമെങ്കിൽ ആവശ്യമുള്ള സ്റ്റാമ്പു് ഒട്ടിച്ച കവർ അടക്കം ചെയ്തിരിക്കേണ്ടതാണ്. എല്ലാ ലേഖകരും തങ്ങളുടെ പൂർണ്ണമായ മേൽവിലാസം പ്രത്യേകമായി എഴുതണമെന്നു അഭ്യർത്ഥിക്കുന്നു. കഥയും കവിതയും വാരികയിൽ പ്രസിദ്ധീകരിക്കുന്നതല്ല.

(6ാം പേജിൽ നിന്നും തുടർച്ച)

കൊട്ടാരക്കര ഉപതെരഞ്ഞെടുപ്പിൽ അഡ്ഹോക്ക് കമ്മിററി സ്വീകരിക്കുന്ന നിലപാട് തന്നെയായിരിക്കും 1972 ലെ പൊതു തെരഞ്ഞെടുപ്പിലും സ്വീകരിക്കാൻ പോകുന്നതെന്നു കരുതിയാൽ തെററില്ല. അതായതു് ഇന്നത്തെ ഭരണകക്ഷികളുമായി ധാരണയോ ഐക്യമുന്നണിയോ ഉണ്ടാക്കിയിട്ടായിരിക്കും 1972 ലെ പൊതുതിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് മത്സരിക്കാൻ പോകുന്നതെന്നർത്ഥം.

ഒന്നാമതായി, വരുന്ന പൊതുതെരഞ്ഞെടുപ്പുവരെ അച്യുതമേനോൻ മന്ത്രിസഭ നിലനിൽക്കുമെന്നു അഡ്ഹോക്ക് കമ്മിററി പ്രതീക്ഷിക്കുന്നുണ്ടോ? മേനോൻ മന്ത്രിസഭയിൽ കോൺഗ്രസ് പങ്കാളിയല്ലാ. മന്ത്രിസഭതുടരുകയോ കരുകയോ ചെയ്യുന്നതിൽ കോൺഗ്രസിനു പ്രത്യേക വേവലാതിക്കൊന്നും കാര്യമില്ല. മന്ത്രിസഭയുടെ പിന്താങ്ങി പ്രതിപക്ഷമെന്ന നിലയിൽ മന്ത്രിസഭക്ക് നേട്ടങ്ങൾ ഉണ്ടാകുന്നെങ്കിൽ തന്നെ അതിനുള്ളയവകാശമൊന്നും കോൺഗ്രസ്സിനു ലഭിക്കുകയില്ല. എന്നാൽ കോട്ടങ്ങളെയെല്ലാം ചുമക്കേണ്ടതായും വരും. ഉപതെരഞ്ഞെടുപ്പിൽ തന്നെ വ്യക്തിത്വം നഷ്ടപ്പെടുത്തുന്നതിന്റെ ഫലമായി അടുത്ത പൊതുതെരഞ്ഞെടുപ്പിൽ ഭരണകക്ഷിക്കാരുമായി കണക്കുപറഞ്ഞു് സീററുകൾ മേടിക്കുക അസാദ്ധ്യമായിത്തീരും. ഭരണകക്ഷിക്കാർ ദയാപൂർവ്വം വെച്ചുനീട്ടുന്ന സ്ഥാനങ്ങൾ കൈനീട്ടി മേടിക്കുക മാത്രമല്ലാതെ കോൺഗ്രസ്സിനു ഗത്യന്തരമില്ലാതെ വരുന്നതാണ്.

## സീററുവിഭജനം

അടുത്ത പൊതുതെരഞ്ഞെടുപ്പിൽ ഭരണകക്ഷിക്കാരുമായി മുന്നണിയുണ്ടാക്കി മത്സരിക്കുകയെന്ന നയം തന്നെയാണ് പ്രാവർത്തികമാക്കാൻ പോകുന്നതെങ്കിൽ കോൺഗ്രസ്സിനുണ്ടാകാവുന്ന ലാഭനഷ്ടങ്ങൾ എന്തൊക്കെയാണ്? ആദ്യമായിത്തന്നെ നിലവിലുള്ള സാഹചര്യങ്ങൾ അംഗീകരിക്കാതെ തരമില്ല. മുന്നണികളുണ്ടാക്കുന്നതിലായാലും കൊള്ളാം തെരഞ്ഞെടുപ്പു ധാരണയുണ്ടാക്കുന്നതിലായാലും കൊള്ളാം കേരളത്തിൽ എല്ലാ കക്ഷികളും അംഗീകരിച്ചുവന്ന ചില കീഴ്വഴക്കങ്ങളുണ്ടു്. ആ കീഴ്വഴക്കങ്ങളെ മറികടന്നുകൊണ്ടു് കോൺഗ്രസിനു മാത്രമായി പ്രത്യേകതത്വങ്ങൾ ആവിഷ്ക്കരിക്കപ്പെടുമെന്നു കരുതാവുന്നതല്ല. സീററുകൾ പങ്കുവെക്കുന്നതിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം, ജയിച്ച സ്ഥാനങ്ങൾ അതാതു പാർട്ടിക്കാർക്കു നൽകുകയെന്നതാണ്. ഈ മാനദണ്ഡപ്രകാരം സീററുകൾ പങ്കിടുന്നുവെങ്കിൽ, ഇപ്പോൾ മാർക്സിസ്റ്റുകാർ ജയിച്ചിട്ടുള്ള സ്ഥാനങ്ങൾ മാത്രമേ പങ്കിടാനായി ബാക്കിയുണ്ടാകുകയുള്ളു. മാർക്സിസ്റ്റുകാർക്കും എസ്. എസ്. പി. കാർക്കും കൂടിയുള്ള അറുപതോളം സീററുകൾ പങ്കിടുന്നതിൽ ഒരോഹരി മാത്രമാണ് കോൺഗ്രസിനു ലഭിക്കുക. ഇങ്ങിനെ പങ്കുവെക്കുന്നതിൽ ഭൂരിഭാഗവും കോൺഗ്രസിനു ലഭിച്ചുവെന്നാൽ തന്നെ മുപ്പതിയഞ്ചോ നാൽപ്പതോ സ്ഥാനങ്ങളാണ് കിട്ടുന്നതു്.

മത്സരിക്കാൻ കിട്ടുന്ന നിയോജകമണ്ഡലങ്ങൾ ഏതുതരത്തിലുള്ളവയായിരിക്കുമെന്നു നോക്കാം. വലതു കമ്മ്യൂണിസ്റ്റ് പാർട്ടിക്കും ഭരണകക്ഷിയിലേക്കു പുതുതായി കടന്നുവന്നിട്ടുള്ള കേരളാകോൺഗ്രസിനും, പങ്കിടുന്ന സീററുകളിൽ കുറെ കൊടുക്കേണ്ടിവരുമെന്നു ഓർക്കണം. ഈ സീററുകൾ എല്ലാം തന്നെ തിരുകൊച്ചി ഭാഗത്തായിരിക്കുമെന്നതിൽ സംശയമില്ല. കാരണം മലബാർ ഭാഗത്തു് കേരളാ കോൺഗ്രസിനും വലതു കമ്മ്യൂണിസ്റ്റ് പാർട്ടിക്കും തീരെ സ്വാധീനമില്ല. തിരുകൊച്ചി ഭാഗത്തെ സീററുകളിൽ തന്നെയാണ് കോൺഗ്രസിനും സ്വാധീനമുള്ളതു്. അതുകൊണ്ടു് തിരുകൊച്ചി ഭാഗത്തെ നിയോജകമണ്ഡലങ്ങൾ കേരളാകോൺഗ്രസിനും വലതു കമ്മ്യൂണിസ്റ്റുകാർക്കുംവേണമെന്നു കേരളകോൺഗ്രസ്സുകാരും വലതു കമ്മ്യൂണിസ്റ്റുകാരും ശഠിക്കുമെന്നും ഇന്നത്തെ ഭരണകക്ഷിയംഗങ്ങൾ എല്ലാംതന്നെ അതിനെ അനുകൂലിക്കുമെന്നും തീർച്ചയാണ്.

## വെറും വ്യാമോഹം

പിന്നീടു്, ബാക്കിവരുന്ന മലബാർഭാഗത്തെ സീററുകളായിരിക്കും കോൺഗ്രസിനു ലഭിക്കുന്നവ. ഈ സ്ഥാനങ്ങളിൽ ചിലതു് മുസ്ലീം ലീഗിന്റെ പിന്തുണയോടെ ജയിക്കാമെന്നായിരിക്കും അഡ്ഹോക്ക് കമ്മിററിയുടെ കണക്കുകൂട്ടൽ. പക്ഷെ, ഈ കണക്കുകൂട്ടൽ വ്യാമോഹം മാത്രമായി കലാശിക്കാനാണ് ഇടയുള്ളതു്. കാരണം മുസ്ലീംലീഗിനു ശക്തിയുള്ള സീററുകൾ അവർക്കു വേണമെന്ന് അവർ ശാഠ്യംപിടിക്കുമെന്നതും വലതുകാരനും കേരളാകോൺഗ്രസ്സും അതിനു പിൻതുണനൽകുമെന്നതും തീർച്ചയാണ്. ഇതിനും പുറമേ മലബാർ ഭാഗത്താണ് സിൻഡിക്കേററിനു താരതമ്യേന ശക്തി കൂടുതൽ. കോൺഗ്രസിനു മുസ്ലീം ലീഗിന്റെ പിന്തുണയോടെ മലബാറിൽ നേടാവുന്ന വോട്ടുകളെക്കാൾ കൂടുതൽ വോട്ടുകൾ സിൻഡിക്കേററുകാർ വീട്ടുനിൽക്കുന്നതുകൊണ്ടു് നഷ്ടപ്പെടുകയും ചെയ്യും. അതായതു് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഫലത്തിൽ വ്യത്യാസമൊന്നും വരാൻ പോകുന്നില്ല. അതിന്റെയർത്ഥം ഇന്നത്തെ ഭരണകക്ഷിയുമായി തെരഞ്ഞെടുപ്പ് ധാരണയോ ഐക്യമുന്നണിയോ ഉണ്ടാക്കുന്നതുകൊണ്ടു് കോൺഗ്രസിനു് ഒററ സ്ഥാനംപോലും കൂടുതലായികിട്ടില്ലെന്നതാണ്. ചിലപ്പോൾ ഇന്നുള്ള സ്ഥാനങ്ങളും നഷ്ടപ്പെട്ടുവെന്നുവരാം. എന്നാൽ കോൺഗ്രസിന്റെ വോട്ടുകൾകൊണ്ടു് കേരളാകോൺഗ്രസ്സും മുസ്ലീം ലീഗും വലതു കമ്മ്യൂണിസ്റ്റ് പാർട്ടിയും കൂടുതൽ സ്ഥാനങ്ങൾ കരസ്ഥമാക്കി, നിയമസഭയിലെത്തുകയും ചെയ്യും. പേരിനുപോലും ഒരു കോൺഗ്രസ്സുകാരൻ നിയമസഭയിലുണ്ടാകാനിടവരാത്ത സ്ഥിതിയാണ് അഡ്ഹോക്ക് കമ്മിററിയുടെ ഭാവനാശൂന്യമായ നയം വരുത്തിവെക്കാൻ പോകുന്നതെന്നു കോൺഗ്രസ് നല്ലവണ്ണം മനസ്സിലാക്കിയിരിക്കണം.

അന്തസ്സാര ശൂന്യമായ മാർക്സിസ്റ്റ് വിരോധം കോൺഗ്രസിനും ജനാധിപത്യത്തിനു വരുത്തിവെക്കാൻ പോകുന്ന ദുരന്തഫലങ്ങൾ ഇനിയുമുണ്ടു്. മുപ്പതുശതമാനത്തോളം വോട്ടർമാരുടെ പിന്തുണ ഏതുനിലക്കും നേടാനിടയുള്ള കോൺഗ്രസ്സിനു നിയമസഭക്കകത്തു ഒരു പ്രതിനിധിപോലും ഇല്ലാതെ വരുന്നതു് ജനാധിപത്യത്തോടു് തന്നെ ചെയ്യുന്ന ദ്രോഹമാണ്.

ഭാവിയിൽ ഉണ്ടാകാൻ പോകുന്ന ദുരന്തഫലങ്ങൾ അവിടെ നിൽക്കട്ടെ. ഉടനെതന്നെയുണ്ടാകുന്ന ഭവിഷ്യത്തുക്കളെക്കുറിച്ചാലോചിക്കാം. കൊട്ടാരക്കരയിലെ കോൺഗ്രസ് പ്രവർത്തകർ ഒററക്കെട്ടായി പാർട്ടി സ്ഥാനാർത്ഥിയെ നിറുത്തണമെന്നു ആവശ്യപ്പെട്ടിരിക്കുകയാണ്. കൊല്ലം ജില്ലാ കോൺഗ്രസ് കമ്മിററിയും ഏകകണ്ഠമായിത്തന്നെ പാർട്ടിസ്ഥാനാർത്ഥിയെ നിറുത്തണമെന്നു ആവശ്യപ്പെടുന്നു. മററു ഡി. സി. സി. കളെയപേക്ഷിച്ചു് കൊല്ലം ഡി. സി. സി. ക്കു് പ്രത്യേകതയുണ്ടു്. കോൺഗ്രസ് സംഘടനയിലെ ഭിന്നിപ്പു് ഒട്ടും ബാധിക്കാത്തതാണ് കൊല്ലം ഡി. സി. സി. പ്രവർ

ത്തകരാരും തന്നെ ചേരിതിരിഞ്ഞു് സിൻഡിക്കേററുകാരുടെ കൂടെ പോകുന്നതിൽ നിന്നു തടഞ്ഞു നിറുത്താൻ കൊല്ലം ഡി. സി. സി. ക്കു കഴിഞ്ഞു. പ്രവർത്തകരിൽ ഇങ്ങനെ സ്വാധീനം ചെലുത്താനും പ്രവർത്തകരുടെ വികാരങ്ങളെ മനസ്സിലാക്കാനും കഴിഞ്ഞകൊല്ലം ഡി. സി. സി. യുടേയും കൊട്ടാരക്കരയിലെ കോൺഗ്രസ്സുകാരുടേയും അഭിപ്രായത്തെ അവഗണിച്ചുകൊണ്ടു് അഡ്ഹോക്കു് കമ്മിററി തീരുമാനമെടുക്കുന്നുവെങ്കിൽ ജില്ലയിലൊട്ടാകെ തന്നെ കോൺഗ്രസ്സുകാരിൽ ആശയക്കുഴപ്പവും നിരാശയും പടർന്നു പിടിക്കുന്നതായിരിക്കും. ഈ സാഹചര്യം ഏററവും മുതലെടുത്തുകൊണ്ടു് സിൻഡിക്കേററു് സ്വന്തം സ്ഥാനാർത്ഥിയെ നിറുത്തി മത്സരിക്കുകയും കോൺഗ്രസ്സുകാരിൽ കുറെപ്പേരുടെ വോട്ടുകൾ തട്ടിയെടുക്കുകയും ചെയ്യും. കോൺഗ്രസ്സുകാരിൽ കമ്മ്യൂണിസ്റ്റ് വിരോധികളായവർ സിൻഡിക്കേററിനും കേരളാ കോൺഗ്രസ് വിരോധികളായവർ മാർക്സിസ്റ്റ് പാർട്ടിക്കും വോട്ടുചെയ്യുന്നതാണ്. കോൺഗ്രസിനെ തന്നെ കൊട്ടാരക്കരയിൽ അവസാനിപ്പിക്കുന്നതിനും രാജ്യമൊട്ടാകെ കോൺഗ്രസിനെ തളർത്തുന്നതിനും അല്ലാതെ മറെറാന്നിനും അഡ്ഹോക്കു് കമ്മിററിയുടെ നയം പ്രയോജനപ്പെടുകയില്ല.

## എന്താണ് പോംവഴി

എന്നാൽ പിന്നെ കോൺഗ്രസ് എന്താണ് ചെയ്യേണ്ടതു്? കൊട്ടാരക്കരയിൽ സ്വന്തം സ്ഥാനാർത്ഥിയെ നിറുത്തി മത്സരിക്കുകയല്ലാതെ മറെറാരുപോംവഴിയും കോൺഗ്രസിനില്ല. കൊട്ടാരക്കരയിലെ കോൺഗ്രസ് പ്രവർത്തകരുടേയും കൊല്ലം ഡി. സി. സി. യുടേയും അഭിപ്രായത്തെ ആദരിച്ചു ചെയ്യുന്ന പ്രവർത്തിയാണെന്നതിനുപരിയായി ദൂരവ്യാപകമായ മററു പല നേട്ടങ്ങളും രാജ്യത്തിനും കോൺഗ്രസിനും ഉണ്ടാക്കാൻ പോവുന്ന ഒരു നടപടിയായിരിക്കും അതു്. കോൺഗ്രസിലെ ഭിന്നിപ്പിനുശേഷം കേരളത്തിലുണ്ടാകുന്ന ആദ്യത്തെ ഉപതിരഞ്ഞെടുപ്പ് എന്ന നിലയിൽ സിൻഡിക്കേററിനു് കോൺഗ്രസ്‌കാരുടേയോ ജനങ്ങളുടേയോ പിന്തുണയില്ലെന്നു കാണിക്കാൻ സാധിക്കുന്ന ആദ്യത്തെയവസരമാണ് കൊട്ടാരക്കരയിൽ ലഭിക്കുന്നതു്. ആയവസരം അതിനുവേണ്ടി ഉപയോഗപ്പെടുത്തണം. ഭിന്നിച്ചുപോയ സിൻഡിക്കേററുകാർ വലതുപക്ഷ-വർഗ്ഗീയ-പിന്തിരിപ്പൻ കൂട്ടുകെട്ടുകാരാണെന്നു കോൺഗ്രസ് ആരോപിക്കുമ്പോൾ വലതുപക്ഷപിന്തിരിപ്പൻ വർഗ്ഗീയശക്തികളായ കേരളാ കോൺഗ്രസ് മുസ്ലീംലീഗ് കക്ഷികളോടൊന്നിച്ചു നിൽക്കാൻ കോൺഗ്രസിനു എങ്ങനെകഴിയും. സിൻഡിക്കേററുകാരുടെ പ്രചരണം ഈ വഴിക്കായിരിക്കുമെന്നു തീർച്ചയാണ്. അതുകൊണ്ടു് സിൻഡിക്കേററിനെതിരായി ബലപരീക്ഷണം നടത്തി ശക്തി തെളിയിക്കണം. കോൺഗ്രസ്സിലെ ഭിന്നിപ്പിടയാക്കിയ സാഹചര്യങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുത്തുകൊണ്ടു് കോൺഗ്രസിനെ സോഷ്യലിസത്തിലേക്കു് അടുപ്പിക്കുന്നതാണ് ഭിന്നിപ്പെന്നു സ്ഥാപിക്കാൻ കോൺഗ്രസ്സിനു ചുമതലയുണ്ടു്. ഈ ചുമതല നിറവേററുന്നതിനു കൊട്ടാരക്കരയിൽ കോൺഗ്രസ് സ്വന്തം സ്ഥാനാർത്ഥിയെ നിറുത്തി മത്സരിക്കുകതന്നെ വേണം.

ആ മത്സരത്തിൽ കോൺഗ്രസിന്റെ സ്ഥാനാർത്ഥി ഏററവും അധികം വോട്ടുകൾ നേടി നിയമസഭയിലേക്കു തെരഞ്ഞെടുക്കപ്പെടുകയില്ലായിരിക്കാം. പക്ഷേ അടുത്ത നിയസഭയിൽ ഏററവും വലിയ കക്ഷിയായി ഭരണം തന്നെ കോൺഗ്രസ്സ് നേടുമെന്നതിൻെറ നാന്ദികുറിക്കുകയായിരിക്കും കൊട്ടാരക്കരയിലെ മത്സരം. അതെങ്ങിനെ സാധിക്കുമെന്നു ശാന്തമായി ആലോചിച്ചു നോക്കേണ്ടിയിരിക്കുന്നു.

കൊട്ടാരക്കരയിൽ മത്സരിക്കുന്ന കോൺഗ്രസ് അതിൻെറ പ്രചരണമധികവും തിരിച്ചു വിടുന്നതു് സ്വാഭാവികമായും സിൻഡി ക്കേററിനു് എതിരായായിരിക്കും. കോൺഗ്രസ്സിനകത്തു് ചടഞ്ഞുകൂടിയിരുന്നു് പുരോഗതിയെ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നവരാണ് സിൻഡിക്കേററുകാരെന്നു കോൺഗ്രസ് ചൂണ്ടിക്കാണിക്കും. ജനസംഘത്തിൻേറയും സ്വതന്ത്രാപാർട്ടിയുടേയും കൂട്ടുപിടിച്ചുകൊണ്ടു് സോഷ്യലിസത്തിനു തുരങ്കം വെക്കുന്നവരാണ് സിൻഡിക്കേററുകാർ എന്ന സത്യം കോൺഗ്രസ് ജനങ്ങളോടു് പറയും. ജനാധിപത്യ സോഷ്യലിസ്റ്റുകാരെന്ന നിലയിൽ കോൺഗ്രസ് ജനങ്ങളുടെ വോട്ടിനുവേണ്ടി അഭ്യർത്ഥിക്കും.

## ഒന്നാമത്തെ സിൻഡിക്കേററ്

ഇതേ സമീപനം തന്നെയായിരിക്കും. ഇന്നത്തെ ഭരണകക്ഷികളോടും കോൺഗ്രസ് സ്വീകരിക്കുന്നതു്. അതങ്ങിനെയായിരിക്കുകയും വേണം. കേരളത്തിലെ കോൺഗ്രസ്സിനകത്തെ ഒന്നാം സിൻഡിക്കേററാണ് കേരളാ കോൺഗ്രസ്സ്. അതേപോലെതന്നെ ജനസംഘത്തിനു് പറയത്തക്ക സ്വാധീനമില്ലാത്ത കേരളത്തിലെ ഒന്നാംകിട വർഗ്ഗീയകക്ഷിയാണ് മുസ്ലീംലീഗ്. കുറേ വർഷങ്ങൾക്കു ശേഷം ആദ്യമായി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുകാരും കോൺഗ്രസ്സുകാരും ഒരേപോലെ വർഗ്ഗീയ പിന്തിരിപ്പൻ കക്ഷികളായ മുസ്ളീംലീഗ്-കേരളാകോൺഗ്രസ്സ് പാട്ടികൾക്കെതിരെ ശക്തമായ പ്രചരണംനടത്താൻ പോകുന്നത് കൊട്ടാരക്കരയിലായിരിയ്ക്കും. ജനാധിപത്യ-സോഷ്യലിസ്റ്റ് കക്ഷികളുടെ തലയിൽ കയറിയിരുന്നു് സ്വന്തം തടി വീർപ്പിച്ചുകൊണ്ടിരുന്ന ഈ പിന്തിരിപ്പൻ ശക്തികൾക്കെതിരെ ശക്തമായ ആക്രമണം നടത്താൻ അവസരം ലഭിക്കുകയാണ് മാർക്സിസ്റ്റ് വിരോധത്തിൽ സ്വാധീനിക്കപ്പെട്ടുകിടക്കുന്നകോൺഗ്രസ്സുപ്രവർത്തകരെ മാർക്സിസ്റ്റുകാരോടുള്ള അന്ധമിയ വിരോധത്തിൽ നിന്നുമോചിപ്പിക്കാനും കൊട്ടാരക്കരയിലെ മത്സരം ഉപകരിക്കും ഇതെല്ലാം തന്നെ കോൺഗ്രസ്സ് ഇന്നേവരെ പ്രചരിപ്പിച്ചതും അവകാശപ്പെട്ടതുമായ കാര്യങ്ങൾക്കു് അനുസൃതവുമാണ്. വർഗ്ഗീയ പിന്തിരിപ്പൻ ശക്തികളെ വിട്ടുവീഴ്ചയില്ലാതെ എതിർക്കുമെന്നും ജനാധിപത്യ സോഷ്യസത്തിനു വേണ്ടി പോരാട്ടുമെന്നുമുള്ള പ്രഖ്യാപനത്തിനുഅനുസരിച്ചു് കോട്ടയം പ്രമേയത്തിൽ ഉറച്ചു നിന്നു കൊണ്ടു സ്വീകരിക്കാവുന്ന ഏകനടപടിയുമാണ്.

എന്തുവന്നാലും ഇതുമൂലം അച്ചുതമേനോൻ മന്ത്രിസഭക്കു് പിൻതുണ നൽകുമെന്ന നിലയിൽനിന്നും കോൺഗ്രസ്സ് വിമുക്തമാകുന്നതായിരിക്കും ലക്ഷ്യത്തെ മുൻനിർത്തി, പ്രശ്നങ്ങളെ വിലയിരുത്തിക്കൊണ്ടുള്ളതായിരിക്കും കോൺഗ്രസ്സിൻെറ മററു രാഷ്ട്രീയ കക്ഷികളോടും ഭരണത്തോടും സ്വീകരിക്കുന്ന നയമെന്നു് കൊട്ടാരക്കരയിലെ മത്സരം വഴി ജനങ്ങളോടു് പ്രഖ്യപിക്കാൻ കോൺഗ്രസ്സിനു കഴിയുന്നതാണ്. കൊട്ടാർക്കരയിലേ പ്രഖ്യാപനം ഇന്ത്യയുടെ ഒട്ടാകെയുള്ള രാഷ്ട്രീയ ഭാവിയുടെ നിർണ്ണായക ഘട്ടത്തേയായിരിക്കും സൂചിപ്പിക്കുന്നത്.

## മാർക്സിസ്റ്റ് വിരോധം നിർത്തുക

മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയോടുള്ള അന്ധമായവിരോധത്തിൽ നിന്നു

കോൺഗ്രസ്സുകാർ വിമുക്തരാവുകയും സോഷ്യലിസം എന്ന ലക്ഷ്യത്തെക്കുറിച്ച് അവർ മുമ്പെത്തേക്കാളും ബോധവാന്മാരുകയും ചെയ്യേണ്ടത് ഇന്ന് അടിയന്തരാവശ്യമാണ്. അതിനുള്ള ആദ്യ പടിയാണ് കൊട്ടാരക്കര ഉപതെരഞ്ഞെടുപ്പ് എന്ന് നാം മനസ്സിലാക്കിക്കഴിഞ്ഞു. അങ്ങിനെയാണെങ്കിൽ 1972ൽ കോൺഗ്രസ്സിനെന്തുചെയ്യാൻ കഴിയുമെന്നുകൂടി ചിന്തിക്കേണ്ടിയിരിക്കുന്നു.

1972ലെ തെരഞ്ഞെടുപ്പിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി ധാരണയുണ്ടാക്കുകയാണ് കോൺഗ്രസ്സ് ചെയ്യേണ്ടത്. ഒററക്കുള്ള മത്സരം കോൺഗ്രസ്സിന്റെ ശക്തിക്കനുസൃതമായി നിയമസഭയിൽ സ്ഥാനം ലഭിക്കാനിടയാക്കില്ലെന്നു അനുഭവങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഭരണകക്ഷിക്കാരുമായിച്ചേർന്നു മുന്നണിയോ, തെരഞ്ഞെടുപ്പ് ധാരണയോ ഉണ്ടാക്കി മത്സരിച്ചാൽ കോൺഗ്രസ്സിനു ഒററ സീററു ലഭിക്കുകയില്ലെന്ന നില വന്നുചേരുമെന്നും നാം മനസ്സിലാക്കി. അപ്പോൾ പിന്നെ മാർക്സിസ്റ്റ് പാർട്ടിയുമായി തെരഞ്ഞെടുപ്പ് ധാരണയോ, ഐക്യമുന്നണിയോ ഉണ്ടാക്കുന്നതിനെപ്പററി എന്തുകൊണ്ട് ആലോചിച്ചുകൂടാ. അങ്ങിനെയൊരു ധാരണക്കോ മുന്നണിക്കോ മാർക്സിസ്റ്റുകാർ തയാറാകുമോ എന്നൊന്നും ചോദിക്കേണ്ടതില്ല. കോൺഗ്രസ്സ് അതിനു തയാറാറെടുക്കുകയാണ് കൊട്ടാരക്കരയിലെ മത്സരം വഴി ചെയ്യേണ്ടത് മാർക്സിസ്റ്റുകാരുടെ പിന്തുണയഭ്യർത്ഥിച്ചുകൊണ്ട് തന്നെ വേണമെങ്കിൽ, കൊട്ടാരക്കരയിൽ കോൺഗ്രസ്സിനു മത്സരിക്കാവുന്നതാണ്.

മാർക്സിസ്റ്റുകാരെ സംബന്ധിച്ചിടത്തോളവും ഇന്ന് അന്ധമായ കോൺഗ്രസ്സ് വിരോധം അർത്ഥമില്ലാത്ത മുദ്രാവാക്യമായിട്ടുണ്ട്. പ്രശ്നങ്ങളെ വിലയിരുത്തി ഇന്ദിരാ സർക്കാറിനു അവർ പിന്തുണ നൽകുമെന്നു കാണിച്ചു കഴിഞ്ഞു. കോൺഗ്രസ്സുമായി ഉണ്ടാക്കുന്ന തെരഞ്ഞെടുപ്പ് ധാരണയോ, മുന്നണിയോ തങ്ങളുടെ താല്പര്യങ്ങൾക്ക് കോട്ടം തട്ടിക്കുന്നതല്ലെന്നു കണ്ടുകഴിഞ്ഞാൽ മാർക്സിസ്റ്റുകാരും ഈ വഴിക്കുതന്നെ ചിന്തിക്കാൻ നിർബന്ധിതരാവും.

മാർക്സിസ്റ്റുകാരും കോൺഗ്രസ്സുകാരും കൂട്ടുചേർന്ന് അടുത്ത തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന്റെ ഫലങ്ങളെ വിശകലനം ചെയ്തുനോക്കാം. ആദ്യഫലം മറെറാരു കക്ഷിക്കും കേരളത്തിലെ നിയമസഭയിൽ സ്ഥാനമില്ലാതെ വരുകയെന്നതാണ്. മലബാർ ഭാഗത്ത് മുസ്ലീംലീഗ് ഒററക്കു ജയിക്കുന്ന നാലോ അഞ്ചോ സ്ഥാനങ്ങളിലൊഴികെ എല്ലായിടത്തും ജയിക്കാനുള്ള ശക്തി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുകാർക്കുണ്ടെന്നു 1965ലെ തെരഞ്ഞെടുപ്പുഫലങ്ങൾ തെളിയിക്കുന്നു. മുസ്ലീംലീഗും കോൺഗ്രസ്സും മാർക്സിസ്റ്റ് പാർട്ടിയും വേറിട്ടുവേറിട്ടു മത്സരിച്ചാലും മാർക്സിസ്റ്റ് പാർട്ടിതന്നെയായിരിക്കും മലബാറിൽ കൂടുതൽ സ്ഥാനങ്ങൾ നേടുന്നത്. കോൺഗ്രസ്സിന്റേയും മാർക്സിസ്റ്റുകാരുടേയും പരസ്പരമത്സരത്തിന്റെ മറവിൽനിന്നുകൊണ്ടാണ് ലീഗ് മലബാറിൽ എന്നും കുറെ സീററുകൾ നേടികൊണ്ടിരിക്കുന്നത്. കോൺഗ്രസ്സുകാരും മാർക്സിസ്റ്റുകാരും ധാരണയുടേയോ മുന്നണിയുടേയോ അടിസ്ഥാനത്തിൽ മലബാറിലെ സ്ഥാനങ്ങളിൽ മത്സരിക്കുന്നുവെങ്കിൽ മുസ്ലീംലീഗിന്റെ നിർണ്ണായകശക്തിയെന്ന സ്ഥാനത്തിനു ഒററ നിയോജകമണ്ഡലത്തിൽപോലും അർത്ഥമുണ്ടാകുകയില്ല. എന്നേമായി ആ വർഗ്ഗീയ കക്ഷിയെ അവസാനിപ്പിച്ചുകൊണ്ട് കോൺഗ്രസ്സ്–മാർക്സിസ്റ്റ് കൂട്ടുകെട്ട് മലബാറിലെ എല്ലാ സ്ഥാനങ്ങളും കരസ്ഥമാക്കുന്നതായിരിക്കും.

തിരു. കൊച്ചി ഭാഗത്തും ഇത് തന്നെയായിരിക്കും സ്ഥിതി. കോൺഗ്രസ്സും മാർക്സിസ്റ്റുകാരും ഒന്നിച്ചാൽ എതിർത്തു ജയിക്കാവുന്ന ഒരു ശക്തിയും തിരു. കൊച്ചി ഭാഗത്തുമില്ല. പിന്തിരിപ്പന്മാരായ കേരള കോൺഗ്രസ്സുകാർ അതോടെയവസാനിക്കുന്നതാണ്. കക്ഷിമാറിയും കാലുമാറിയും 'സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിക്കുന്ന' നാണംകെട്ട ചെറുകക്ഷികൾ മേലിൽ നിയമസഭാതലം വിലപേശാനുള്ള ചന്തയാക്കുകയില്ല.

മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുകാർക്കു ഇന്നുള്ള സ്ഥാനങ്ങളിൽ കൂടുതൽ ലഭിക്കാൻ ഇത്തരം കൂട്ടുകെട്ട് ഇടയാക്കുന്നതുകൊണ്ട് അവർക്കു അതിനോട് എതിർപ്പു വരേണ്ട കാര്യമൊന്നുമില്ല. എന്തു തന്നെയായാലും ഇന്നത്തേക്കാൾ കൂടുതൽ ശക്തിയും ഉള്ള ശക്തിക്കാനുപാതികമായി നിയമസഭയിൽ സ്ഥാനവും ലഭിക്കുമെന്നതുകൊണ്ട് കോൺഗ്രസ്സിനും വലിയ നേട്ടമായിരിക്കും. മാർക്സിസ്റ്റ് പാർട്ടിയും കോൺഗ്രസ്സും ഒന്നിച്ചു മന്ത്രിസഭയുണ്ടാക്കണമെന്നില്ല. ഭൂരിപക്ഷകക്ഷി മന്ത്രിസഭയുണ്ടാക്കിക്കൊള്ളട്ടെ. മന്ത്രിസഭയില്ലാത്ത കക്ഷിക്കു ആരോഗ്യകരമായ പ്രതിപക്ഷമെന്ന നിലയിൽ, ഓരോ പ്രശ്നത്തേയും വിലയിരുത്തി പിന്തുണ നൽകിയും എതിർത്തും പ്രവർത്തിക്കാവുന്നതുമാണ്. വർഗ്ഗീയ പിന്തിരിപ്പൻ കക്ഷികളും കൊച്ചുകക്ഷികളും എന്നന്നേക്കുമായി നിയമസഭയിൽ നിന്നു തിരോഭവിച്ച് ആരോഗ്യകരമായ ജനാധിപത്യ പ്രവർത്തനത്തിനു കേരളം ഇങ്ങനെ വഴികാണിക്കുകയാണ് വേണ്ടത്.

## നിർണ്ണായക കാലഘട്ടം

കണക്കുകൂട്ടലും അധികാരം പങ്കുവെക്കലും നിർത്തിവെച്ച് രാജ്യത്തിന്റെ ഭാവിയേയും സോഷ്യലിസത്തിലേക്കുള്ള പ്രയാണത്തേയും മുൻനിർത്തി ആലോചിച്ചാൽ ഈ വഴിതന്നെയാണ് ഏകപോംവഴിയെന്നു മനസ്സിലാകും. 1972 ഇന്ത്യയുടെ തന്നെ നിർണ്ണായകമായ കാലഘട്ടമാണ്. ഒരു പക്ഷെ 1972 ലെ തിരഞ്ഞെടുപ്പ് ഇന്ത്യയിലെ അവസാന തെരഞ്ഞെടുപ്പായിക്കൂടായ്കയില്ല. വ്യക്തമായ ഭൂരിപക്ഷം ഒരു കക്ഷിക്കും ലഭിക്കാതെ ആടിയുലയുന്ന ഭരണമായിരിക്കും കേന്ദ്രത്തിലുണ്ടാകാൻ പോകുന്നത്. വിദേശ ശക്തികൾ ഇടപെട്ടു കുഴപ്പമുണ്ടാക്കിക്കൂടെന്നില്ല. വർഗ്ഗീയ പിന്തിരിപ്പൻ ശക്തികളായ ജനസംഘവും സ്വതന്ത്രാപാർട്ടിയും സിൻറിക്കേററും പട്ടാളമേധാവികളും ഗൂഢാലോചന നടത്തി അധികാരം കയ്യടക്കാനുള്ള എല്ലാ സാദ്ധ്യതകളുമുണ്ട്. ജനാധിപത്യ പ്രഹസനം നടത്തി പ്രസിഡന്റിനെയുപയോഗിച്ച് ഏകാധിപത്യം നടത്താൻ നിലവിലുള്ള ഭരണഘടനയുപയോഗിച്ചു തന്നെ സാധിക്കുന്നതുമാണ്. ഇതിനനുകൂലമായ പ്രചരണങ്ങൾ ഇന്നു തന്നെ രാജാജി അടക്കമുള്ളവർ ആരംഭിച്ചിട്ടുണ്ട്.

ഇന്നു ഭാരതം നേരിടുന്ന വലതുപക്ഷ വർഗ്ഗീയ ശക്തികളുടെ ഇത്തരം വെല്ലുവിളികളാണ്.– ഈ സാഹചര്യത്തിൽ സോഷ്യലിസത്തിൽ വിശ്വസിക്കുന്നവർ ഒന്നു ചേരാതിരിക്കുന്നത് ഭാവി തലമുറയോടു ചെയ്യുന്ന മഹാപരാധമായിരിക്കും. ഉത്തർപ്രദേശം, പഞ്ചാബ്, ഹരിയാന, ബീഹാർ, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത്, ഒറീസാ എന്നിവിടങ്ങളിലെല്ലാം തന്നെ വർഗ്ഗീയ പിന്തിരിപ്പൻ ശക്തികൾക്കു ഇന്നും ഗണ്യമായ സ്വാധീനമുണ്ടെന്നതാണു യാഥാർത്ഥ്യം. ഇന്ത്യയുടെ പകുതിയിൽ കൂടുതൽ ഭാഗം വരുന്ന ഈ സംസ്ഥാനങ്ങൾ കക്ഷികളുടെ തിരുമറിവഴി കയ്യടക്കാൻ സാധിച്ചാൽ കേന്ദ്രഗവർമെണ്ട് അധീനത്തിലാവുന്നുവെന്നാണർത്ഥം. ഇപ്പോൾതന്നെ ആ വഴിയുള്ള നീക്കങ്ങൾ ആരംഭിച്ചതിന്റെ ലക്ഷണമാണ് ഉത്തർപ്രദേശിലെ തകിടം മറിയൽ. അകാലിദൾ ദ്രാവിഡ മുന്നേററ കഴകം ബി. കെ. ഡി. തുടങ്ങി വിശാലമായ 'കാഴ്ച'പ്പാടുകളൊന്നുമില്ലാത്ത കക്ഷികളെ പ്രലോഭിപ്പിച്ചും സ്വാധീനിച്ചും കേന്ദ്രാധികാ

(ശേഷം രണ്ടാം പേജിൽ)

Vol. 1

# NIRNAYAM

No. 3 (ERNAKULAM 15TH FEBRUARY 1970) **Price 35 Ps.**

# പാർളിമെന്റും സുപ്രീംകോടതിയും

ബാങ്ക് ദേശസാൽക്കരണ നിയമം റദ്ദാക്കിക്കൊണ്ട് സുപ്രീം കോടതി പ്രസ്താവിച്ച വിധി ജഡ്ജിമാരുടെ വീക്ഷണത്തിന്റെ തകരാറു കൊണ്ടാണ് ഉണ്ടായിട്ടുള്ളതെന്നു സ്വയം വ്യക്തമാണ്. ഒന്നിനെതിരെ പത്തു ജഡ്ജിമാരുടെ ഭൂരിപക്ഷമാണ് നിയമം റദ്ദാക്കിയത്. ബാങ്കു ദേശസാൽക്കരണ നിയമം ഭരണഘടനാനുസൃതം നിലനിൽക്കത്തക്കതാണെന്നു ജസ്റ്റിസ് എ. എൻ. റേ തന്നെ തന്റെ ഭിന്നാഭിപ്രായ വിധിയിൽ പറഞ്ഞിരിക്കുന്നു.

അപ്പോൾ സുപ്രീം കോടതിയിലെ പത്ത് ജഡ്ജിമാർക്ക് നിയമം ഭരണ ഘടനാനുസൃതമുള്ളതല്ലെന്നു തോന്നിയതിനു കാരണം വ്യക്തമായ നിയമ വ്യവസ്ഥയൊന്നുമല്ല. അവരും അങ്ങിനെ അവകാശപ്പെടുന്നില്ല. ഇന്ത്യൻ ശിക്ഷാ നിയമത്തിലോ ക്രിമിനൽ നടപടി നിയമത്തിലോ ഉള്ളതുപോലെ കൃത്യമായ എന്തെങ്കിലും വ്യവസ്ഥക്കു വിരുദ്ധമാണ് ബാങ്ക് ദേശസാൽക്കരണ നിയമമെന്നു കാണിക്കാനാവില്ല. ഭരണഘടന നൽകുന്ന മൌലികാവകാശങ്ങളെ നീതിപൂർവ്വമല്ലാതെ നിയന്ത്രിക്കുന്നുണ്ടോ എന്ന വ്യഖ്യാനത്തിന്റെ കാര്യത്തിലാണ് സുപ്രീം കോടതിയിൽ തന്നെ അഭിപ്രായഭിന്നതയുണ്ടായതു്.

എന്താണ് പൊതു താല്പര്യത്തിനനുയോജ്യമായതെന്നു നിർണ്ണയിക്കുന്നതിൽ പാർളിമെന്റാണ് ഏററവും നല്ല വിധികർത്താവ് എന്ന് ജസ്റ്റിസ് എ. എൻ. റേ അഭിപ്രായപ്പെടുന്നു. മററു ജഡ്ജിമാർക്കും ഇതിൽ അഭിപ്രായ വ്യത്യാസമുണ്ടാകുമോ എന്നറിഞ്ഞുകൂടാ.

പൊതു താല്പര്യത്തിനു നല്ലത് ഏതാണെന്നു നിർണ്ണയിക്കാനും അതിനു വേണ്ടി ബാങ്ക് ദേശസാൽക്കരണം പോലെ നിയമനിർമ്മാണം നടത്താനും പാർളിമെന്റിനു അധികാരമുണ്ടെന്നു സമ്മതിച്ചാൽ പിന്നെ വിവാദപരമായ നിയമം മൌലികാവകാശങ്ങളെ നീതിപൂർവ്വമായി നിയന്ത്രിക്കുക മാത്രമാണോ ചെയ്തിരിക്കുന്നത് എന്ന പ്രശ്നമേ ഉത്ഭവിക്കുന്നുള്ളു. പ്രധാനമായും സുപ്രീംകോടതിക്കുള്ള ആക്ഷേപം പതിനാലു ബാങ്ക് ഉടമകളെ മാത്രം ബാങ്കിങ്ങ് വ്യാപാരത്തിൽ നിന്നു തുടച്ചു നീക്കിയിരിക്കുന്നുവെന്നും വിദേശബാങ്കുകളേയും 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ള ബാങ്കുകളേയും നിർബ്ബാധം വിട്ടിരിക്കുന്നുവെന്നുമാണ്.

"ഒററക്കമ്പെനിക്കും അതിന്റെ ഓഹരിയുമകൾക്കും എതിരായി മാത്രം നിയമനിർമ്മാണ സഭ നടപടിയെടുത്താൽപോലും ഭരണഘടനയിലെ 14-ാം ഖണ്ഡിക നൽകുന്ന മൌലികാവകാശത്തിന്റെ ലംഘനമാകുകയില്ലെന്നു" സുപ്രീംകോടതി തന്നെ മുമ്പൊരിക്കൽ വിധിച്ചിട്ടുള്ളതാണ്. ഷോലാപ്പൂർ സ്പിന്നിങ്ങ് ആൻറ് വീവിങ്ങ് കമ്പനിയുടെ കേസിൽ സുപ്രീംകോടതി പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങൾ നോക്കണം. "തക്കതായ അടിസ്ഥാനവും കാരണവുമുണ്ടെങ്കിൽ ഒററ കോർപ്പറേഷനേയോ, ഒരുകൂട്ടം ആളുകളെ മാത്രമോ നിയമനിർമ്മാണത്തിനുവേണ്ടി ഒരു വിഭാഗമായി തരംതിരിക്കാവുന്നതാണ്. ........നിയമസഭക്കു അതുണ്ടാക്കുന്ന നിയമത്തിനു വിധേയമായ വിഷയങ്ങളെ നിർണ്ണയിക്കുന്നതിലും തരം തിരിക്കുന്നതിലും നിസ്സംശയമായും വിപുലമായ വിവേചനാധികാരമുണ്ട്. ഒരു നിശ്ചിതവർഗ്ഗത്തിൽപ്പെട്ടവരെയെല്ലാം നിയമം ഒരേപോലെ പരിഗണിക്കുന്നുവെങ്കിൽ തുല്യസംരക്ഷണം നിഷേധിച്ചുവെന്ന വാദം സാധാരണഗതിയിൽ നിലനിൽക്കത്തക്കതല്ല"

ഇപ്പോൾ സുപ്രീംകോടതി ഉന്നയിക്കുന്ന ആക്ഷേപത്തിനു ജസ്റ്റിസ് എ. എൻ. റേ തന്നെ മറുപടി പറയുന്നുണ്ട്. ബാങ്കുകളെ തരംതിരിക്കുന്നതിൽ നീക്കുപോക്കില്ലാത്ത വിവേചനം സാദ്ധ്യമല്ലെന്നും 50 കോടി രൂപയിൽ കവിഞ്ഞ നിക്ഷേപമുള്ള ബാങ്കുകളെന്നതു് നിയമത്തിന്റെ ലക്ഷ്യത്തിനനുസൃതമാണെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ദേശീയ സമ്പദ്‌വ്യവസ്ഥയെ വികസിപ്പിക്കുന്നതിനും പണനിക്ഷേപത്തെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനും ദുർബ്ബലജനവിഭാഗത്തിനു പണംകിട്ടാനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുമാണ് ദേശസാൽക്കരണം നടത്തുന്നതെന്നു നിയമത്തിന്റെ ലക്ഷ്യങ്ങളിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ ലക്ഷ്യംവെച്ചുനോക്കിയാൽ വൻകിട ബാങ്കുകളെയാണ് ആദ്യം ദേശസാൽക്കരിക്കേണ്ടതു്. ദേശസാൽക്കരിച്ച ബാങ്കുകളുടെ നിക്ഷേപംതന്നെ മൊത്തം നിക്ഷേപത്തിന്റെ 90 ശതമാനം വരും.

സുപ്രീംകോടതിയുടെ അഭിപ്രായം സ്വീകരിച്ചാൽ ഒന്നുകിൽ എല്ലാ കൃഷിക്കാരിൽനിന്നും ലെവിയെടുക്കണം, അല്ലെങ്കിൽ ആരിൽനിന്നും ലവിയെടുക്കരുതു്. എന്നും വാദിക്കാവുന്നതാണ്. ലെവി അളക്കുന്നതിൽനിന്നു ചെറുകിട കർഷകരെ ഒഴിവാക്കാറുണ്ട്. നെല്ലില്ലാത്ത ജനവിഭാഗങ്ങൾക്കു അരി കൊടുക്കുക എന്ന ലക്ഷ്യംവെച്ചുകൊണ്ടാണ് ലെവി എടുക്കുന്നതിനും നിയമമുണ്ടാക്കുന്നതു്.

ഇതിനു മറുപടിയായി ലെവി എടുക്കുന്നുവെന്നുവെച്ച് കൃഷിരംഗത്ത് നിന്നുതന്നെ വൻകിടക്കാരൻ തുടച്ചുനീക്കപ്പെടുന്നില്ലെന്നും ബാങ്ക് ദേശസാൽക്കരണ നിയമം ചെയ്തിരിക്കുന്നതു് 14 ദേശസാൽകൃത ബാങ്കുകളെ ഇനി ബാങ്കിങ്ങ് വ്യവസായം നടത്താനാകാത്തവിധം വിവേചനാപരമായി തുടച്ചുനീക്കിയിരിക്കുകയാണെന്നും വാദിച്ചേക്കാം. എന്നാൽ നിയമത്തിന്റെ ഉദ്ദേശലക്ഷ്യമനുസരിച്ച് ദുർബ്ബലജനവിഭാഗത്തിനു കൂടുതൽ നിക്ഷേപത്തുക പ്രയോജനപ്പെടുത്താൻ അവസരം നൽകുകയാണെന്നു വ്യക്തമാക്കിയിരിക്കെ, നിയമം ദ്രോഹകരമായ വിവേചനമാകുകയില്ലെന്നു ജസ്റ്റിസ് എ. എൻ. റേ പറയുന്നതാണ് ശരി.

ഒരേ റൂട്ടിൽമാത്രം ബസ്സ് സർവ്വീസ് നടത്തുന്ന ചില ബസ്സുടമകളുണ്ടായെന്നുവരും. ആ ബസ്സ്റൂട്ട് ദേശസാൽക്കരിച്ചാൽ പിന്നീട് ബസ്സുടമക്കു മററു റൂട്ടിൽ സർവ്വീസ് നടത്താനുള്ള സൌകര്യമുണ്ടായില്ലെന്നുവരും. അതുകൊണ്ട് ഗവർമ്മെണ്ടിനു ഇഷ്ടമുള്ള റൂട്ട് ദേശസാൽക്കരിക്കുന്നതു് വിവേചനാപരമാണെന്നാരെങ്കിലും പറയാറുണ്ടോ? ചെറുകിടക്കാരും വൻകിടക്കാരുംതമ്മിൽ വേർതിരിക്കുന്നതു്തന്നെ വിവേചനാപരമാണെങ്കിൽ അതിലും എത്രയോ വലിയ വിവേചനമാണ് ഗവർമ്മെണ്ട് ചില ബസ്സുടമകളോട് കാണിക്കുന്നതെന്നുപറയാവുന്നതല്ലേ?

പക്ഷെ, അതെല്ലാം ഭരണഘടനാനുസൃതം നിലനിൽക്കത്തക്കതാണെന്നു കോടതികൾതന്നെ വിധിച്ചിട്ടുണ്ട്. ഭരണഘടനാനുസൃതംനീതിപൂർവ്വമായ വിവേചനമാണോ അല്ലയോ എന്നു തീരുമാനിക്കുന്നതിനു കോടതിവിധികൾ പരിശോധിച്ചാൽനിയമമായ വ്യവസ്ഥയൊന്നുമില്ലെന്നുകാണാം. അപ്പഴപ്പോൾ തോന്നുന്നതുപോലെ ഓരോ ജഡ്ജിയുടേയും വീക്ഷണത്തിനനുസരിച്ച് നീതിപൂർവ്വമാണെന്നും അല്ലെന്നും വിധിന്യായമെഴുതുന്നുവെന്നുമാത്രം.

(ശേഷം അടുത്തലക്കത്തിൽ)

Edited Printed and published by M. A. John. Convent Road Cochin-11
at Empees Press, Gopal Prabhu Road, Cochin-11.